പ്രസിദ്ധീകരണത്തിന്റെ 29-ാം വർഷം

# കൊച്ചിൻ പത്രിക

Publishing Date : May 2026

Regn. No. KL/EKM/318/2023 - '26 R.N.I. No. 68414/98

ESTD: 1997 Published from Ernakulam, Kochi - 682 017 വാല്യം 29 ലക്കം 9 2026 മെയ് 1-15 Visit us: www.kochinpathrika.com

# യുഡിഎഫ് എല്ലാ പോളിലും മുന്നിൽ

**ജോസൂട്ടി**




കൊച്ചി: കേരളത്തിൽ ഭരണമാറ്റം പ്രവചിച്ച് എക്സിറ്റ് പോളുകൾ. പത്തിലേറെ എക്സിറ്റ് പോൾ ഫലങ്ങളും യുഡിഎഫിന് വ്യക്തമായ ഭൂരിപക്ഷം പ്രവചിക്കുന്നു.

ബംഗാളിലെ അവസാനഘട്ട വോട്ടെടുപ്പുകൂടി പൂർത്തിയായതിന് പിന്നാലെയാണ് എക്സിറ്റ് പോൾ ഫലങ്ങൾ പുറത്തുവിട്ടത്. അസമിൽ ബിജെപിക്ക് വൻ ഭൂരിപക്ഷത്തോടെ തുടർഭരണം പ്രവചിക്കുന്നു. ബംഗാളിൽ തൃണമൂൽ കോൺഗ്രസിനെ അട്ടിമറിച്ച് നേരിയ ഭൂരിപക്ഷത്തിൽ ബിജെപി ഭരണത്തിൽ വന്നേക്കുമെന്ന സൂചനയാണ് ഭൂരിഭാഗം എക്സിറ്റ് പോളുകളും നൽകുന്നത്. എന്നാൽ, തൃണമൂൽ കോൺഗ്രസിന് മുൻതൂക്കം പ്രവചിക്കുന്ന പോളുകളുമുണ്ട്.

തമിഴ്നാട്ടിൽ ഡിഎംകെ ഭരണം തുടരുമെന്ന് മിക്ക ഏജൻസികളും വിലയിരുത്തുന്നു. ചില ഏജൻസികൾ അണ്ണാ ഡിഎംകെ-ബിജെപി വിജയം പ്രവചിക്കുന്നു. വിജയ് നേതൃത്വം നൽകുന്ന ടിവികെ ഏറ്റവും വലിയ ഒറ്റക്കക്ഷിയായി മാറുമെന്ന ഒറ്റപ്പെട്ട പ്രവചനവുമുണ്ട്. പുതുച്ചേരിയിൽ എൻഡിഎ വീണ്ടും ഭരണത്തിലെത്തുമെന്നും പോളുകൾ വിലയിരുത്തുന്നു.

യുഡിഎഫ് 82 മുതൽ 94 വരെയും എൽഡിഎഫ് 44 മുതൽ 56 വരെയും സീറ്റുകൾ നേടാം. എൻഡിഎക്ക് തിരുവനന്തപുരത്ത് 1 മുതൽ 3 വരെ സീറ്റുകൾ ലഭിക്കാമെന്നുമാണ് പ്രവചനം.

പ്രവചനങ്ങൾക്ക് മുമ്പേ തന്നെ എഐസിസിയുടെയും കെപിസിസിയുടെയും കണക്കുകൂട്ടലും വിജയം സുനിശ്ചിതമെന്നു തന്നെയായിരുന്നു. ന്യൂനപക്ഷ ഏകീകരണവും യുവ, വനിതാ വോട്ടർമാരുടെ പിന്തുണയും മുന്നണിക്ക് ലഭിക്കുമെന്ന് കോൺഗ്രസ് വിലയിരുത്തുന്നു. വടക്കൻ കേരളത്തിലും മധ്യകേരളത്തിലും വലിയ മുന്നേറ്റത്തിന് സാധിക്കുമെന്ന കോൺഗ്രസ് വിലയിരുത്തലും എക്സിറ്റ് പോളുകൾ ശരിവയ്ക്കുന്നു.

എക്സിറ്റ് പോളുകൾ കൂടുതൽ മ്ലാനത എൽഡിഎഫ് കേന്ദ്രങ്ങളിൽ സൃഷ്ടിച്ചു. ഭരണത്തുടർച്ച എന്ന പ്രതീക്ഷ കൈവിടുന്നില്ലെങ്കിലും സിപിഎമ്മിന്റെയും സിപിഐയുടെയും പാർട്ടിക്കകത്തെ വിശകലനങ്ങളിൽ ഉറച്ച ജയസാധ്യത കണ്ടിരുന്നില്ല.

കഴിഞ്ഞ നിയമസഭാ തിരഞ്ഞെടുപ്പിൽ ഭൂരിപക്ഷം എക്സിറ്റ് പോളുകളും ഭരണത്തുടർച്ചയാണ് പ്രവചിച്ചത്. എന്നാൽ, എൽഡിഎഫിന് 99 സീറ്റ് ലഭിക്കാനുള്ള സാധ്യത ഭൂരിപക്ഷം ഏജൻസികളും കണ്ടിരുന്നില്ല. ആരു ഭരിക്കുമെന്ന വ്യക്തമായ സൂചന കേരളത്തിലെ എക്സിറ്റ് പോളുകൾ നൽകാറുണ്ട്. അതേ സമയം സീറ്റെണ്ണത്തിന്റെ കാര്യത്തിൽ യഥാർഥ ഫലവുമായി പൊരുത്തക്കേടുകളുണ്ടാകാറുണ്ട്. മുന്നണികൾ തമ്മിൽ ഒപ്പത്തിനൊപ്പം മത്സരിക്കുന്ന കേരളത്തിൽ ഏതാനും അടിയൊഴുക്കുകൾ തിരഞ്ഞെടുപ്പ് ഫലത്തെത്തന്നെ ബാധിക്കാനിടയുണ്ടെന്ന് വിദഗ്ധർ ചൂണ്ടിക്കാട്ടുന്നു. രാഷ്ട്രീയ സാക്ഷരരായ മലയാളികൾ ആർക്കു വോട്ടു ചെയ്തു എന്ന കാര്യത്തിൽ സസ്പെൻസ് കാത്തു സൂക്ഷിക്കുന്നവരുമാണ്.

# ഡാമിലെ വെള്ളം കെഎസ്ഇബി ധൂർത്തടിച്ചു



കൊച്ചി: വൈദ്യുതിയില്ലാതെ അത്യുഷ്ണത്തിൽ കേരളം വെന്തുരുകുമ്പോൾ വേനലിലേക്ക് ഡാമുകളിൽ കരുതേണ്ട വെള്ളം 5 മാസം കെഎസ്ഇബി ധൂർത്തടിച്ചു. കഴിഞ്ഞ ജൂൺ മുതൽ ഒക്ടോബർ വരെ കേരളത്തിൽ ജലവൈദ്യുതി ഉല്പാദനം ആകെ ആവശ്യത്തിന്റെ 36% മുതൽ 57% വരെയുണ്ടായി. ജൂൺ, ജൂലൈ, ഓഗസ്റ്റ് മാസങ്ങളിൽ മൊത്തം ഉപയോഗത്തിന്റെ 50% വരെ ഇത് ഉയരുകയും ചെയ്തു. ഈ മാസങ്ങളിൽ കേന്ദ്ര വൈദ്യുത നിലയങ്ങളിൽനിന്ന് കേരളത്തിന് കുറഞ്ഞ വിലയ്ക്ക് ലഭിക്കുന്ന 863 ദശലക്ഷം യൂണിറ്റ് വൈദ്യുതി വേണ്ടെന്നുവച്ചിട്ടാണ് ജലവൈദ്യുതിയുടെ അധികം ഉല്പാദനം.

തിരിച്ചുകൊടുത്ത വൈദ്യുതി ഫലപ്രദമായി ഉപയോഗിക്കുകയും ജലവൈദ്യുതി ഉല്പാദനം നിയന്ത്രിക്കുകയും ചെയ്തിരുന്നെങ്കിൽ ഏപ്രിലിലെ കൊടുംവേനലിൽ പരമാവധി ഉല്പാദനം നടത്തി ഇപ്പോഴുള്ള പ്രതിസന്ധി മറികടക്കാൻ വെള്ളം ഉണ്ടാകുമായിരുന്നു.

ജൂൺ, ജൂലൈ മാസങ്ങളിൽ കാലവർഷം ശക്തിപ്പെടുമ്പോൾ ചെറുഡാമുകൾ നിറഞ്ഞു കവിയുന്നതിനാൽ പരമാവധി ഉല്പാദനം നടത്തണം എന്ന് വാദിച്ചാൽത്തന്നെ ഓഗസ്റ്റ്, സെപ്തംബർ, ഒക്ടോബർ മാസങ്ങളിൽ അധിക ഉല്പാദനത്തിന്റെ ആവശ്യമില്ല. ഇടുക്കി, ഇടമലയാർ, ബാണാസുര സാഗർ, കക്കി, ഷോളയാർ അണക്കെട്ടുകളിലേ കെഎസ്ഇബിക്ക് കാര്യമായ സംഭരണശേഷിയുള്ളൂ. ഈ 5 ഡാമുകളിലാണ് മൊത്തം സംഭരണത്തിന്റെ 90%. ഇവ നിറഞ്ഞു കവിയാൻ തക്ക മഴ കഴിഞ്ഞ വർഷം ഉണ്ടായില്ലെന്നിരിക്കെ അധിക ഉല്പാദനം വേണ്ടിവന്നു എന്ന വാദത്തിന് ന്യായമില്ല.

അധിക ജലവൈദ്യുതി ഉല്പാദനം നടന്ന ഈ 5 മാസങ്ങളിൽത്തന്നെയാണ് ഏറ്റവും കൂടുതൽ കേന്ദ്ര വൈദ്യുതി വേണ്ടെന്നുവച്ചതും.



കൊച്ചിൻ പത്രിക
വാല്യം 29 ലക്കം 9 2026 ഫെബ്രുവരി 1–15

# കേരളത്തിൽ ജീവനൊടുക്കിയത് 111 കർഷകർ

**16** വർഷത്തിനിടെ കേരളത്തിൽ ജീവനൊടുക്കിയത് 111 കർഷകർ. 2011 മുതൽ ഈ മാസം വരെ കൃഷി വകുപ്പ് റിപ്പോർട്ട് ചെയ്തതാണ് ഇത്രയും ആത്മഹത്യകൾ. വിള ഇൻഷുറൻസ് തുക ഒരു വർഷത്തിലേറെയായും പ്രകൃതിക്ഷോഭത്തിൽ കൃഷി നശിച്ചവർക്കുള്ള സഹായം 5 വർഷമായും മുടങ്ങിയിട്ടും പരിഹരിക്കാൻ നടപടികളില്ല.

സിപിഐ നേതാക്കൾക്കെതിരെ സമൂഹമാധ്യമത്തിൽ പോസ്റ്റിട്ട ശേഷം വൈക്കം തലയാഴം സിപിഐ ലോക്കൽ കമ്മിറ്റി ഓഫീസ് മുറ്റത്തുള്ള എൽഡിഎഫ് തിരഞ്ഞെടുപ്പ് കമ്മിറ്റി ഓഫീസിൽ ഉല്ലല പുളിക്കാശ്ശേരിൽ കെ.ചെല്ലപ്പൻ (മക്കൻ–65) ജീവനൊടുക്കിയത് ഒടുവിലെ കർഷക ആത്മഹത്യ.

കാർഷിക മേഖലയിലെ അസ്ഥിരത തുടരുന്നുവെന്നാണ് ആത്മഹത്യകൾ സൂചിപ്പിക്കുന്നത്. 2019 നുശേഷം ആത്മഹത്യാനിരക്ക് വീണ്ടും ഉയർന്നു. കോവിഡും തുടർന്നുള്ള സാമ്പത്തിക പ്രതിസന്ധിയും ഇതിന് കാരണമായി. കടബാധ്യത, കാലാവസ്ഥാ മാറ്റം, ഉല്പന്നങ്ങളുടെ വിലത്തകർച്ചയും വിപണന പ്രതിസന്ധിയും വില സ്ഥിരതയില്ലായ്മ, കീടരോഗങ്ങൾ, വിളനാശം, വന്യജീവി ആക്രമണം, താങ്ങുവിലയിലെ അനിശ്ചിതത്വം തുടങ്ങിയവയാണ് ആത്മഹത്യകൾക്കുള്ള പ്രധാന കാരണങ്ങൾ. കർഷകർക്ക് സാമ്പത്തിക സഹായത്തോടെ മാനസികാരോഗ്യ പിന്തുണയും നൽകണമെന്നു വിദഗ്ധർ ശുപാർശ ചെയ്തിരുന്നു.

സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതി, പ്രകൃതിക്ഷോഭത്തിൽ കൃഷി നശിച്ചവർക്കുള്ള സഹായം എന്നീ ഇനങ്ങളിൽ കൃഷി വകുപ്പ് നൽകാനുള്ളത് 100 കോടിയിൽപരം രൂപ. 2025 മെയ് 5 വരെയുള്ള വിള ഇൻഷുറൻസ് തുകയാണ് ഇതുവരെ നൽകിയത്. പ്രകൃതിക്ഷോഭത്തിൽ കൃഷി നശിച്ചവർക്ക് 2021 ഒക്ടോബർ 25നുശേഷം സഹായം നൽകിയിട്ടില്ല. കൃഷി പ്രോത്സാഹന നിധിയിൽനിന്ന് 120 കോടി രൂപ അനുവദിക്കാൻ കഴിഞ്ഞ മാസം ഉത്തരവിറങ്ങിയെങ്കിലും തുക നൽകിയിട്ടില്ല. നെൽക്കർഷകർക്ക് സംഭരിച്ച നെല്ലിന്റെ പണം നൽകുന്നതും പലപ്പോഴും വൈകിയിരുന്നു.

**സൈമൺ ഇടപ്പള്ളി**
**ചീഫ് എഡിറ്റർ**

*Office Address:*
**KOCHIN PATHRIKA,**
**Kerala's Largest Circulated Malayalam Fortnightly Newspaper**
**64/5218, Kaloor P.O., Kochi - 682 017.**
**Ph: +91- 484 - 2338268, 3917321**
**Fax: +91 - 484 - 2402389. Mobile: +91 94470 90041**
**Visit us : www.kochinpathrika.com**
**E-mail: mail@kochinpathrika.com, kochinpathrika@gmail.com kochinpathrika1@rediffmail.com**

# ഒട്ടേറെ ഫയലുകൾ തീരുമാനം കാത്ത് കിടക്കുന്നു



**തി**രഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടത്തിൽ ഇളവുതേടി സർക്കാർ തിരഞ്ഞെടുപ്പ് കമ്മിഷനെ സമീപിച്ചു. ഡപ്യൂട്ടി കളക്ടർമാരുടെ സ്ഥാനക്കയറ്റം, ഡിജിറ്റൽ റീസർവേ പൂർത്തിയാക്കിയ വില്ലേജുകളുടെ വിജ്ഞാപനമിറക്കൽ, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായ വിതരണം തുടങ്ങി ഒട്ടേറെ വിഷയങ്ങളിൽ തീരുമാനമെടുക്കുന്നതിനാണ് ഇളവു തേടിയത്. വോട്ടെണ്ണുന്നതു വരെ സർക്കാരിന്റെ പ്രവർത്തനം സ്തംഭിക്കുന്ന സ്ഥിതിയാണുള്ളത്.

മുഖ്യതിരഞ്ഞെടുപ്പ് ഓഫീസർക്ക് നൽകിയ കത്ത് അദ്ദേഹം കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മിഷനു കൈമാറും. അവിടെ നിന്നാണ് തീരുമാനമുണ്ടാകേണ്ടത്. വോട്ടെടുപ്പ് കഴിഞ്ഞാൽ പെരുമാറ്റച്ചട്ടത്തിൽ ഭാഗിക ഇളവ് അനുവദിക്കുന്ന രീതി മുൻപുണ്ടായിരുന്നു. എന്നാൽ കഴിഞ്ഞ ലോക്സഭാ തിരഞ്ഞെടുപ്പ് കാലത്ത് ഇളവ് നൽകിയിരുന്നില്ല. വിവിധ വകുപ്പുകളിൽനിന്നുള്ള പ്രധാന ഫയലുകൾ പൊതു ഭരണ സെക്രട്ടറി അധ്യക്ഷനായ സമിതിക്ക് കൈമാറിയിട്ടുണ്ട്. ഈ സമിതി അനുമതി നൽകുന്ന ഫയലുകളിൽ മാത്രമാണ് തുടർ നടപടി. സമിതി കൈമാറിയ ഒട്ടേറെ ഫയലുകളിൽ കമ്മിഷൻ ഇനിയും തീരുമാനമെടുത്തിട്ടില്ല.

കാര്യമായ ജോലികളൊന്നും ഇല്ലാത്തതിനാൽ മന്ത്രിമാർ പലരും ഓഫീസിൽ എത്തുന്നില്ല. ജി.ആർ.അനിൽ അടക്കം ചില മന്ത്രിമാർ മാത്രമാണ് എത്തിയത്. പേഴ്സനൽ സ്റ്റാഫാണ് ഫയലുകൾ കൈകാര്യ ചെയ്ത് ആവശ്യമെങ്കിൽ മന്ത്രിമാരെ അറിയിക്കുന്നത്.

മുഖ്യമന്ത്രിയും വോട്ടെടുപ്പിന് ശേഷം ഇതുവരെ ഓഫീസിൽ എത്തിയിട്ടില്ലെങ്കിലും പേഴ്സനൽ സ്റ്റാഫ് എത്തുന്നുണ്ട്. പൊളിറ്റിക്കൽ സെക്രട്ടറി പി.ശശിയും പ്രൈവറ്റ് സെക്രട്ടറി എ.പ്രദീപ് കുമാറും തിരഞ്ഞെടുപ്പിന് മുൻപ് രാജിവച്ചിരുന്നു.

തിരഞ്ഞെടുപ്പ് കമ്മിഷന് സമർപ്പിച്ച ഫയലുകളുടെ കാര്യത്തിൽ മറുപടി ലഭിക്കാത്തതിനാൽ മന്ത്രിസഭ ചേരുന്ന കാര്യം തീരുമാനിച്ചിട്ടില്ല. വോട്ടെണ്ണൽ മെയ് 4നാണ്. മാതൃകാ പെരുമാറ്റച്ചട്ടം നീങ്ങുന്നത് മെയ് 6നും.

2021ൽ മെയ് 2നായിരുന്നു വോട്ടെണ്ണൽ. മെയ് 20നായിരുന്നു രണ്ടാം പിണറായി മന്ത്രിസഭ അധികാരമേറ്റത്. തുടർഭരണം ലഭിച്ചതിനാൽ ഉണ്ടായ ഈ കാലതാമസം ഭരണം മാറിയാൽ ഉണ്ടാകാനിടയില്ല. മെയ് 23 വരെയാണ് ഈ സർക്കാരിന്റെ കാലാവധി.

# അവകാശമാകുന്നതോടെ ശമ്പളം പോലെ ക്ഷേമപെൻഷനും



**യു**ഡിഎഫ് പ്രകടനപത്രികയിൽ പ്രഖ്യാപിച്ചതുപോലെ ക്ഷേമപെൻഷൻ അവകാശമാകുന്നതോടെ പെൻഷൻ ഇനി സർക്കാർ ജീവനക്കാർക്ക് ശമ്പളം നൽകുന്നതുപോലെയാകും. മുൻപ് യുഡിഎഫ് സർക്കാരിന്റെ കാലത്തും എൽഡിഎഫ് സർക്കാരിന്റെ കാലത്തും മാസങ്ങളോളം ക്ഷേമ പെൻഷൻ മുടങ്ങിയിട്ടുണ്ട്. അവകാശമായി പ്രഖ്യാപിക്കുന്നതോടെ പെൻഷൻ സമയബന്ധിതമായി എല്ലാ മാസവും ലഭിക്കും.

ഒന്നാം പിണറായി സർക്കാരിന്റെ അവസാന കാലത്ത് തിരഞ്ഞെടുപ്പിന് മുൻപ് ക്ഷേമപെൻഷൻ തുക വർധിപ്പിക്കുകയും എല്ലാ മാസവും 25ന് ക്ഷേമ പെൻഷൻ വിതരണം ചെയ്യുമെന്ന് പ്രഖ്യാപിക്കുകയും ചെയ്തിരുന്നു.

എന്നാൽ, രണ്ടാം പിണറായി സർക്കാർ അധികാരത്തിലേറിയതിന് പിന്നാലെ പെൻഷൻ വിതരണം മുടങ്ങി. ലോക്സഭാ തിരഞ്ഞെടുപ്പിൽ തിരിച്ചടി നേരിട്ടതോടെ എൽഡിഎഫ് സർക്കാർ തദ്ദേശ തിരഞ്ഞെടുപ്പിന് മുൻപ് കുടിശിക പൂർണമായി കൊടുത്തുതീർത്തു.

പെൻഷൻ ഉറപ്പാക്കാൻ നിയമം ആകുന്നതോടെ, സർക്കാർ ജീവനക്കാർക്ക് ഒന്നാം തീയതി ശമ്പളം കിട്ടുന്നതുപോലെ ക്ഷേമ പെൻഷൻകാർക്ക് കൃത്യമായി പെൻഷനും ലഭിക്കും.

ഇങ്ങനെ ലഭിച്ചില്ലെങ്കിൽ പെൻഷൻകാർക്ക് അവകാശലംഘനത്തിന് കോടതിയെ സമീപിക്കാം. നേരത്തെ സമാനമായ കേസ് വന്നപ്പോൾ ക്ഷേമപെൻഷൻ അവകാശമല്ലെന്നാണ് 2024 ഏപ്രിലിൽ സംസ്ഥാന സർക്കാർ കോടതിയെ അറിയിച്ചത്. പെൻഷൻ എന്നാണ് വിളിക്കുന്നതെങ്കിലും ഇതൊരു സഹായം മാത്രമാണ്. ഇത് നിയമപ്രകാരമുള്ള പെൻഷനല്ല.

കാലാകാലങ്ങളിൽ സർക്കാർ നയപരമായി എടുക്കുന്ന തീരുമാനപ്രകാരമാണ് ക്ഷേമ പെൻഷൻ വിതരണം ചെയ്യുന്നത്. എപ്പോൾ, എത്ര തുക പെൻഷൻ നൽകണമെന്ന് തീരുമാനിക്കാൻ സർക്കാരിന് അധികാരമുണ്ട് എന്നും സർക്കാർ കോടതിയെ അറിയിച്ചിരുന്നു.

ഇപ്പോൾ 2,000 രൂപ വീതമാണ് 62 ലക്ഷത്തോളം ക്ഷേമ പെൻഷൻകാർക്ക് സർക്കാർ നൽകുന്നത്. 1,100 കോടി രൂപയാണ് ഒരു മാസത്തെ പെൻഷൻ വിതരണ ചെലവ്.

പെൻഷൻ തുക 3,000 രൂപയാക്കി വർധിപ്പിക്കുന്നതോടെ പ്രതിമാസ ചെലവ് 1,650 കോടിയായി ഉയരും.

# നോർത്ത് റെയിൽവേ സ്റ്റേഷൻ നവീകരണം പൂർത്തീകരണത്തിലേക്ക്

**ജോമോൻ**



കൊച്ചി: എറണാകുളം നോർത്ത് റെയിൽവേ സ്റ്റേഷനിലെ ആദ്യഘട്ട നവീകരണം അവസാനഘട്ടത്തിലേക്ക്.

ടൈൽ വിരിക്കുന്ന ജോലികളും ഇലക്ട്രിക്, പെയിന്റിംഗ് ജോലികളാണ് ഇപ്പോൾ പുരോഗമിക്കുന്നത്. 170 കാറുകൾ പാർക്ക് ചെയ്യാൻ സൗകര്യമുള്ള മൾട്ടിലെവൽ പാർക്കിങ്ങിനുള്ള കെട്ടിടം ഉൾപ്പെടെ മൂന്നു കെട്ടിടങ്ങളാണ് റെയിൽവേ പുതിയതായി നിർമിക്കുന്നത്.

നിലവിലെ സ്റ്റേഷൻ കെട്ടിടത്തോടു ചേർന്നുള്ള കെട്ടിടത്തിന്റെ നിർമാണം അവസാനഘട്ടത്തിലാണ്. നിർമാണം പൂർത്തിയാകുന്ന മുറയ്ക്ക് മൂന്നു മാസത്തിനുള്ളിൽ നോർത്ത് റെയിൽവേ സ്റ്റേഷനിൽ പ്രവർത്തിക്കുന്ന പാഴ്സൽ ബുക്കിങ് കേന്ദ്രം, റിസർവേഷൻ കൗണ്ടർ, സ്റ്റേഷൻ മാസ്റ്ററുടെ ഓഫീസ്, ആർപിഎഫ്, ജനറൽ പോലീസ് തുടങ്ങിയ റെയിൽവേ ഓഫീസുകൾ പുതിയ കെട്ടിടത്തിലേക്ക് മാറും.

അഞ്ചു നിലകളുള്ള കെട്ടിത്തിൽ താഴത്തെ നിലയിലായിരിക്കും റിസർവേഷൻ കൗണ്ടറുകൾ ഉൾപ്പെടെയുള്ളവ. ഒന്നാം നിലയിൽ ആർപിഎഫ്, ജനറൽ പോലീസ് വിഭാഗവും രണ്ടും മൂന്നും നിലകളിൽ എൻജിനീയറിങ്, മെക്കാനിക്കൽ വിഭാഗം ഓഫീസുകൾ പ്രവർത്തിക്കും.

ഇതിനുശേഷം നിലവിലെ സ്റ്റേഷൻ കെട്ടിടം ഘട്ടംഘട്ടമായി പൊളിക്കും. പുതിയ കെട്ടിടങ്ങൾ പരസ്പരം ബന്ധിപ്പിക്കുന്നതരത്തിലാണ് നിർമാണം. ഇതിന് പൊതുവായ ഇടനാഴിയും ലിഫ്റ്റുകളും ഉണ്ടാകും. ഇതുവഴി യാത്രക്കാർക്ക് പ്ലാറ്റ്ഫോമിലേക്ക് പ്രവേശിക്കാം. നോർത്ത് റെയിൽവേ സ്റ്റേഷൻ ഭാഗത്തുനിന്നു മെട്രോ സ്റ്റേഷൻ ഭാഗത്തേക്കുള്ള ഫുട് ഓവർ ബ്രിഡ്ജ് പുതിയ കെട്ടിടവും തമ്മിൽ ബന്ധിപ്പിച്ച് നടപ്പാലം നിർമിക്കാനുള്ള പദ്ധതിയും ആലോചനയിലുണ്ട്.

ഇതു നടപ്പിലായാൽ പാലം വഴി യാത്രക്കാർക്ക് റെയിൽവേ സ്റ്റേഷൻ കെട്ടിടത്തിലേക്ക് നേരിട്ട് പ്രവേശിക്കാനാകും. രണ്ടാമത്തെ പ്ലാറ്റ്ഫോമിനെയും മെട്രോയെയും ബന്ധിപ്പിക്കുന്നതരത്തിൽ നടപ്പാലം യാഥാർത്ഥ്യമായാൽ യാത്രക്കാർക്ക് മെട്രോയിൽ എത്തി സ്റ്റേഷനിലേക്ക് നേരിട്ട് പ്രവേശിക്കാം.



# കെഎംസി ബ്രഹ്മപുരം ബയോമൈനിംഗ് കരാർ നീട്ടി നൽകി

കൊച്ചി: ബ്രഹ്മപുരത്ത് കെട്ടിക്കിടക്കുന്ന മാലിന്യം ബയോമൈനിങ് ചെയ്തു നീക്കാനുള്ള കരാർ കെഎംസിക്ക് നീട്ടി നൽകി. സംസ്കരിച്ചു നീക്കാൻ ബാക്കിയുള്ള 1.44 ലക്ഷം ടൺ മാലിന്യം കൂടി ബയോമൈനിങ് ചെയ്തു നീക്കാൻ വേണ്ടിയാണ് കരാർ നീട്ടി നൽകിയത്. ബയോമൈനിങ് നടത്തുന്ന പുണെ കേന്ദ്രമായ ഭൂമി ഗ്രീൻ എനർജി എന്ന കമ്പനിക്കാണ് കരാർ നീട്ടി നൽകിയത്.

നിയമസഭാ തിരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിൽ വരുന്നതിന് മുൻപുതന്നെ കരാർ നീട്ടി നൽകിയിരുന്നുവെന്ന് മേയർ വി.കെ.മിനിമോൾ പറഞ്ഞു. കമ്പനിയുമായി ചർച്ച നടത്തി കരാർ തുകയിൽ ഇളവ് വരുത്തി നേരത്തെ ഒരു ടണ്ണിന് 1,690 രൂപ പ്രകാരമായിരുന്നു കരാർ. ഇതിൽ നിന്ന് 18 രൂപ കുറച്ചാണ് പുതിയ കരാർ. ഇതുവഴി ചെലവിനത്തിൽ കോർപറേഷന് 60 ലക്ഷം രൂപയുടെ കുറവുണ്ടാകും.

ബ്രഹ്മപുരത്ത് ഇനിയും ബയോമൈനിങ് ചെയ്തു നീക്കാനുള്ള മാലിന്യത്തിന്റെ കണക്കെടുക്കാൻ കോഴിക്കോട് എൻഐടിയെ കഴിഞ്ഞ ജനുവരിയിൽ കോർപറേഷൻ ചുമതലപ്പെടുത്തിയിരുന്നു ഈ റിപ്പോർട്ട് കിട്ടാനുണ്ട്. കെട്ടിക്കിടക്കുന്ന മാലിന്യത്തിലെ 7.58 ലക്ഷം ടൺ മാലിന്യമാണ് ഇതുവരെ കരാർ കമ്പനി സംസ്കരിച്ചത്. ഇതുവരെ 118.30 കോടി രൂപ കോർപറേഷൻ ബയോമൈനിങ്ങിനായി ചെലവഴിച്ചു.

2023 നവംബറിലാണ് ഭൂമി ഗ്രീൻ എനർജി എന്ന കമ്പനിക്ക് ബ്രഹ്മപുരത്ത് ബയോമൈനിങ് നടത്താനുള്ള കരാർ കോർപറേഷനിലെ മുൻ ഭരണസമിതി നൽകിയത്. രാജ്യത്തെ ഏറ്റവും ഉയർന്ന നിരക്കിലായിരുന്നു കരാർ. 16 മാസത്തിൽ തീർക്കുമെന്നാണ് പറഞ്ഞതെങ്കിലും നടന്നില്ല. പിന്നീട് 9 മാസത്തേക്ക് കൂടി ദീർഘിപ്പിച്ചു.

# കേരള തീരത്ത് സമുദ്ര ഉഷ്ണതരംഗംമൂലം മത്സ്യസമ്പത്തിന് ഭീഷണി



കൊച്ചി: കേരള തീരത്ത് സമുദ്ര ഉഷ്ണതരംഗം (മറൈൻ ഹീറ്റ് വേവ്) രൂക്ഷമാകുന്നത് കടലിലെ ആവാസ വ്യവസ്ഥയ്ക്കും മത്സ്യസമ്പത്തിനും ഭീഷണിയാകുന്നു. ഇന്ത്യയുടെ പടിഞ്ഞാറൻ തീരത്തും ഒമാൻ വരെയും സമുദ്രോപരിതല താപനില ഉയർന്ന് ഉഷ്ണതരംഗം വ്യാപിക്കുന്നതായി ഇൻകോയ്സ് (ഇന്ത്യൻ നാഷനൽ സെന്റർ ഫോർ ഓഷൻ ഇൻഫർമേഷൻ സർവീസസ്) മുന്നറിയിപ്പ് നൽകി.

സമുദ്ര മത്സ്യബന്ധനത്തിൽ ഉല്പാദനക്ഷമത കുറയാനും പവിഴപ്പുറ്റുകളുടെ നിറം മങ്ങി നശിക്കാനും ഇതു കാരണമാകും.

കടൽ താപനില ദീർഘകാലം അസാധാരണമായി ഉയർന്നു നിൽക്കുന്നത് മത്തി, അയല തുടങ്ങി ഉപരിതല മത്സ്യങ്ങൾക്ക് ഭീഷണിയാണ്. ഓക്സിജൻ സാന്ദ്രത കുറയാൻ ഇടയാകുന്നത് കടലിലെ സസ്യ, ജന്തുജാലങ്ങളുടെ ഉൾപ്പെടെ നിലനിൽപ്പ് പ്രതിസന്ധിയിലാക്കും. മീനുകൾ സാധാരണ കാണപ്പെടുന്ന പ്രദേശങ്ങളിൽനിന്ന് മാറിപ്പോകുന്നതും പ്രായമെത്താതെ മുട്ടയിടുന്നതും കൂട്ടത്തോടെ പലായനം ചെയ്യുന്നതും ഇതിന്റെ പ്രത്യാഘാതങ്ങളാണ്.

ഹാനികരമായ ആൽഗൽ ഇതു വഴിവയ്ക്കും. കേരളത്തിലെ പരമ്പരാഗത മത്സ്യബന്ധനത്തെ ബാധിക്കുന്നതിനൊപ്പം സമീപത്തെ ദ്വീപുകളുടെ ആവാസവ്യവസ്ഥയെ സമ്മർദത്തിലാക്കുകയും ചെയ്യും.

അറബിക്കടലിലും ബംഗാൾ ഉൾക്കടലിലുമാണ് ഉഷ്ണതരംഗം കൂടുതൽ അനുഭവപ്പെടുന്നത്. ബംഗാൾ ഉൾക്കടലിൽ ആൻഡമാൻ നിക്കോബാർ ദ്വീപുകൾക്കും കിഴക്കൻ തീരത്തിനും സമീപം താപനില കൂടുന്നത് പവിഴപ്പുറ്റുകളെ ദോഷകരമായി ബാധിക്കും. തെക്കു പടിഞ്ഞാറൻ ഇന്ത്യൻ മഹാസമുദ്രത്തിലെ ഉഷ്ണതരംഗത്തിന്റെ പ്രത്യാഘാതം ദക്ഷിണാഫ്രിക്ക, മൊറീഷ്യസ്, ഓസ്ട്രേലിയ എന്നിവിടങ്ങളിലെ തീരക്കടലുകളിൽ മത്സ്യങ്ങളുടെ പലായനത്തിനും മൊത്തത്തിലുള്ള ലഭ്യതക്കുറവിനും ഇടയാക്കും.






ദിലീപിനെ നായകനാക്കി ജഗൻ ഷാജി കൈലാസ് സംവിധാനം ചെയ്യുന്ന പുതിയ ചിത്രമാണ് നീക്കം. ദിലീപിന്റെ നൂറ്റി അമ്പത്തിരണ്ടാമതു ചിത്രം കൂടിയാണ്.

ഉർവ്വശി തീയേറ്റേഴ്സ് & കാക്കാ സ്റ്റോറീസിന്റെ ബാനറിൽ സന്ധീപ് സേനൻ, അലക്സ് ഇ. കുര്യൻ എന്നിവർ ചേർന്നാണ് ഈ ചിത്രം നിർമ്മിച്ചിരിക്കുന്നത്.

തൊടുപുഴ, കൊച്ചി എന്നിവിടങ്ങളിലുമായി അറുപതു ദിവസത്തോളം നീണ്ടുനിന്ന ചിത്രീകരണം പൂർത്തിയായി.

ദിലീപിനു പുറമേ ബിനു പപ്പു, ബിലാസ് ചന്ദ്രൻ, അശോകൻ, ശാരി, സിദ്ദിഖ്, കലാഭവൻ ഷാജോൺ, സാദിഖ്, ഡ്രാക്കുള സുധീർ, കോട്ടയം രമേഷ്, ഷെല്ലി എന്നിവരും പ്രധാന വേഷങ്ങളിലുണ്ട്. വിബിൻ ബാലചന്ദ്രന്റേതാണു തിരക്കഥ.

കോ പ്രൊഡ്യൂസേർസ് – സംഗീത് സേനൻ, നിമിത ഫ്രാൻസിസ് .എം, എക്സിക്കുട്ടീവ് പ്രൊഡ്യൂസർ– രഘു സുഭാഷ് ചന്ദ്രൻ. സംഗീതം – മുജീബ് മജീദ്. ഛായാഗ്രഹണം – അജയ് ഡേവിഡ് കാച്ചപ്പിള്ളി. എഡിറ്റിംഗ് —സൂരജ് ഇ.എസ്. പ്രൊഡക്ഷൻ ഡിസൈനർ – സന്തോഷ് രാമൻ. മേക്കപ്പ് – റോണക്സ് സേവ്യർ. കോസ്റ്റ്യൂം ഡിസൈൻ –സമീറാ സനീഷ്.




ജയസൂര്യ നായകനായി, രതീഷ് വേഗയുടെ സംവിധാനത്തിൽ ഗുഡ്‌വിൽ എന്റർടെയ്ൻമെന്റ്സിന്റെ ബാനറിൽ ജോബി ജോർജ് തടത്തിൽ നിർമിക്കുന്ന ഇൻവെസ്റ്റിഗേറ്റീവ് ത്രില്ലറാണ് ഓപ്പറേഷൻ ത്രാൾ. യഥാർത്ഥ സംഭവങ്ങൾ അടിസ്ഥാനമാക്കി ഒരുങ്ങുന്ന ചിത്രത്തിൽ, കശ്മീരിൽ ഉണ്ടായ ഭീകരമായ കോൺവോയ് ആക്രമണവും തുടർന്നുള്ള രഹസ്യാന്വേഷണവും പ്രമേയമാകുന്നു

സുനിമോൾ ജോബി സഹനിർമ്മാതാവായെത്തുന്ന ചിത്രത്തിന്റെ ഛായാഗ്രഹണം നജോസ് നിർവ്വഹിക്കുന്നു. എഡിറ്റിംഗ് ഷഫീഖ് വി.ബി. കൈകാര്യം ചെയ്യുന്നു. ചിത്രത്തിന്റെ സംഗീതവും പശ്ചാത്തലസംഗീതവും ഒരുക്കുന്നത് സംവിധായകൻ രതീഷ് വേഗ തന്നെയാണ്.

പ്രോജക്ട് ഡിസൈൻ നോബിൾ ജേക്കബ്, പ്രൊഡക്ഷൻ ഡിസൈൻ സജീഷ് താമരശ്ശേരി എന്നിവർ നിർവ്വഹിക്കുന്നു. കല സംവിധാനം – സുനീഷ് സോദരൻ, വസ്ത്രാലങ്കാരം സമീറ സനീഷ്, സരിത ജയസൂര്യ, മേക്കപ്പ് – റോണക്സ് സേവ്യർ, ചീഫ് അസോസിയേറ്റ് ഡയറക്ഷൻ – ഉല്ലാസ് കൃഷ്ണ, സൗണ്ട് മിക്സിംഗ് എം.ആർ. രാജകൃഷ്ണൻ, സ്റ്റിൽസ് ഫോട്ടോഗ്രാഫി – ജാൻ ജോസഫ് ജോർജ്.




എം പത്മകുമാർ സംവിധാനം ചെയ്യുന്ന പുതിയ ചിത്രമാണ് ഉയിർ. വൗ സിനിമാസിന്റെ ബാനറിൽ സന്തോഷ് ത്രിവിക്രമൻ നിർമ്മിക്കുന്ന ഈ ചിത്രത്തിന്റെ ലൈൻ പ്രൊഡ്യൂസർ നിഖിൽ കെ. മേനോനാണ്.

വർഷങ്ങൾക്കു മുൻപ് മലബാറിൽ നടന്ന ഒരു യഥാർത്ഥ സംഭവത്തെ ആസ്പദമാക്കി പൂർണ്ണമായും റിയലിസ്റ്റിക്ക് & ഇമ്മോഷണൽ ക്രൈം ത്രില്ലറായിട്ടാണ് ഈ ചിത്രത്തിന്റെ അവതരണം. ഇൻസ്പെക്ടർ അൻഷാദിന്റെ കഥക്ക് ഷാജി മാറാടും നിഖിൽ കെ. മേനോനും ചേർന്ന് തിരക്കഥ രചിച്ചിരിക്കുന്നു.

റോഷൻ മാത്യു കേന്ദ്ര കഥാപാത്രത്തെ അവതരിപ്പിക്കുന്ന ഈ ചിത്രത്തിൽ ശ്രുതി മേനോൻ നായികയാകുന്നു. ബൈജു സന്തോഷ്, അതുല്യ ചന്ദ്രൻ, വിനീത് തട്ടിൽ, ഷാജു ശ്രീധർ, ഹരീഷ്, വിനോദ് സാഗർ, സെയ്യാമി ഖേർ, മഹേഷ് ഷെട്ടി, മാസ്റ്റർ ആര്യൻ എസ് പൂജാരി, ബേബി മിത്രാ സഞ്ജയ് എന്നിവരും പ്രധാന വേഷങ്ങളിലെത്തുന്നു

ഷിബു ചക്രവർത്തി, സന്തോഷ് വർമ്മ എന്നിവരുടെ ഗാനങ്ങൾക്ക് മണികണ്ഠൻ അയ്യപ്പ ഈണം പകർത്തിരിക്കുന്നു. ഛായാഗ്രഹണം – അജയ് ഡേവിഡ് കാച്ചപ്പിള്ളി. എഡിറ്റിംഗ് – രഞ്ജൻ ഏബ്രഹാം. കലാസംവിധാനം – സാബുറാം. മേക്കപ്പ് – പി.വി. ശങ്കർ. കോസ്റ്റ്യൂം – ഡിസൈൻ– അയിഷ സഫീർസേട്ട്.

**– ജോളി സൈമൺ**



# മിസ് യൂണിവേഴ്സ് കേരള 2026 സൗന്ദര്യമത്സരം മെയ് 22 മുതൽ

**സ്വന്തം ലേഖകൻ**

കൊച്ചി: മിസ് യൂണിവേഴ്സ് കേരള 2026 സൗന്ദര്യമത്സരം മെയ് 22 മുതൽ 26 വരെ കൊച്ചി ലെ മെറിഡിയൻ ഹോട്ടലിൽ നടക്കും. 25ന് കൊച്ചി ശീമാട്ടിയിലെ ബീന കണ്ണൻ കൊറ്റ്യൂറിലാണ് സെമി ഫൈനൽ. വിവിധ ഘട്ടങ്ങളിലൂടെ തിരഞ്ഞെടുക്കപ്പെട്ട 24 മത്സരാർഥികളാണ് ഗ്രാന്റ് ഫിനാലെയിൽ പങ്കെടുക്കുക. ഇതിൽ നിന്നുള്ള വിജയി കേരളത്തിന്റെ ഔദ്യോഗിക പ്രതിനിധിയായി മിസ് യൂണിവേഴ്സ് ഇന്ത്യ വേദിയിലെത്തും.



*മിസ് യൂണിവേഴ്സ് കേരളയുടെ 2026ന്റെ മത്സര വിജയിക്കു നൽകുന്ന കിരീടവുമായി ശീമാട്ടി സി.ഇ.ഒ ബീനാ കണ്ണൻ.*

മിസ് യൂണിവേഴ്സ് കേരള 2026 കിരീടവും സാഷേയും ശീമാട്ടി സിഇഒ ബീന കണ്ണൻ അനാവരണം ചെയ്തു. ക്വീൻ ഫ്രെയിം സ്റ്റുഡിയോസും ബീനാ കണ്ണൻ കൊറ്റ്യൂറും ചേർന്നുള്ള പങ്കാളിത്തത്തിലാണ് മിസ് യൂണിവേഴ്സ് കേരള പതിപ്പ് സംഘടിപ്പിക്കുന്നത്.

# അനൂപ് മേനോൻ മൂപ്പൻസ് സോളർ ബ്രാന്റ് അംബാസഡർ

കൊച്ചി; മൂപ്പൻസ് സോളർ ബ്രാന്റ് അംബാസഡറായി നടൻ അനൂപ് മേനോനെ കമ്പനി തിരഞ്ഞെടുത്തു. 2012ൽ പ്രവർത്തനം ആരംഭിച്ച സ്ഥാപനം 60 മെഗാവാട്ടിന് മുകളിൽ പ്രോജക്ടുകളാണ് ഇതുവരെ പൂർത്തിയാക്കിയത്. 12,000ൽ അധികം ഗൃഹ ഉപയോക്താക്കളുമുണ്ട്.

മികച്ച കമ്പനികളുടെ പാനലുകളും രാജ്യാന്തര നിലവാരമുള്ള ഇൻവെർട്ടറുകളുമാണ് കമ്പനി ഉപയോഗിക്കുന്നത്. വീടിന്റെ മേൽക്കൂരയ്ക്ക് കേടുപാടു വരാത്ത നോ-ഡ്രില്ലിങ് സാങ്കേതിക വിദ്യയാണ് ഉപയോഗിക്കുന്നതെന്ന് കമ്പനി വ്യക്തമാക്കി.

കേന്ദ്ര സർക്കാർ സബ്സിഡിയുടെ ആനുകൂല്യത്തോടെ വളരെ കുറഞ്ഞ ചിലവിൽ ഇപ്പോൾ സോളർ സംവിധാനം സ്വന്തമാക്കാനാവസരമുണ്ട്. ശങ്കർ രാമകൃഷ്ണൻ സംവിധാനം ചെയ്ത് അനൂപ് മേനോൻ, ബാലതാരം ദേവനന്ദ എന്നിവർ അഭിനയിച്ച പരസ്യചിത്രത്തിന്റെ ലോഞ്ചും നടന്നു.




*മൂപ്പൻ സോളർ ബ്രാന്റ് അംബാസഡറായി അനൂപ് മേനോനെ അവതരിപ്പിക്കുന്നു. സിഇഒ മുഹമ്മദ് ഫയാസ്, ബാലതാരം ദേവനന്ദ എന്നിവർ സമീപം.*

# കീ ഹോൾ ക്ലീനിക്കിൽ അത്യാധുനിക ജെനറ്റിക് ടെസ്റ്റിംഗ് സേവനങ്ങൾ ആരംഭിച്ചു

കൊച്ചി: ഇടപ്പള്ളി കീഹോൾ ക്ലിനിക്കിന്റെ ഭാഗമായുള്ള ഡി.പി. ഡയഗ്നോസ്റ്റിക്സിൽ അത്യാധുനിക ഡിഎൻഎ ടെസ്റ്റിങ് സേവനങ്ങൾ ആരംഭിച്ചു. രോഗങ്ങൾ പ്രകടമാകുന്നതിന് മുൻപ് തന്നെ അവയുടെ സാധ്യതകൾ കണ്ടെത്താനും മുൻകരുതലുകൾ എടുക്കാനും സഹായിക്കുന്ന പ്രിവന്റീവ് ടെസ്റ്റാണ് ജെനറ്റിക് ടെസ്റ്റിംഗ്. ഡൽഹി ആസ്ഥാനമായി പ്രവർത്തുന്ന പ്രമുഖ ക്ലിനിക്കൽ ജീനോമിക്സ് സ്ഥാപനമായ നിയോടെക് വേൾഡ് ലാബുമായി സഹകരിച്ചാണ് ഈ സമഗ്ര സേവനം കേരളത്തിൽ അവതരിപ്പിക്കുന്നത്.




*ഇൻവെസ്റ്റർ ഒറിസൺ ജോസ് ഫ്രാൻസിസ്, അനന്യ ദാസ്, സിഇഒ ഡോ. എ ഗോവിന്ദറാവു, എം.ഡി ഡോ. ആർ. പത്മകുമാർ, പ്രേമ്ന സുബിൻ, സർജൻ ഡോ.റിസൺ രാജൻ എന്നിവർ*

പ്രമേഹം, കാൻസർ, ഹൃദ്രോഗങ്ങൾ, നാഡീവ്യൂഹ സംബന്ധമായ അസുഖങ്ങൾ, മാനസിക രോഗങ്ങൾ തുടങ്ങിയ ദീർഘകാല ആരോഗ്യ പ്രശ്നങ്ങൾ മുൻകൂട്ടി തിരിച്ചറിയാൻ ഈ പരിശോധനയിലൂടെ സാധിക്കും. ഉമിനീർ, രക്തം എന്നിവ ഉപയോഗിച്ചാണ് പ്രധാനമായും പരിശോധനകൾ നടത്തുന്നത്. വ്യക്തികളുടെ പോഷകാഹാരം, അമിതവണ്ണം, പ്രതിരോധശേഷി, ചർമ്മസംരക്ഷണം, ഉറക്കം എന്നിവയുമായി ബന്ധപ്പെട്ട വെൽനസ് പാനൽ പരിശോധനകളും ഇവിടെ ഒരുക്കിയിട്ടുണ്ട്. കാർഡിയോ മെറ്റബോളിക് സ്ക്രീനിംഗ്, മരുന്നുകളോട് ശരീരം എങ്ങനെ പ്രതികരിക്കുന്നു എന്ന് മനസ്സിലാക്കാനുള്ള ഫാർമക്കോളജിക്കൽ ജീനോമിക്സ്, അപൂർവ്വ രോഗങ്ങൾ കണ്ടെത്തുന്നതിനുള്ള ഹോൾ എക്സോ സീക്വൻസിങ് തുടങ്ങി നൂതന സേവനങ്ങളും ക്ലിനിക്കിൽ ലഭ്യമാണെന്ന് കീ ഹോൾ ക്ലിനിക്ക് എംഡി ഡോ. ആർ.പത്മകുമാർ പറഞ്ഞു.

ഓരോ വ്യക്തിയുടെയും ഡിഎൻഎ ഘടന തികച്ചും വ്യത്യസ്തമാണെന്നും ജനിതക പരിശോധനകളിലൂടെ ഭാവിയിൽ വരാനിടയുള്ള ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ചുള്ള കൃത്യമായ സൂചനകൾ ലഭിക്കുമെന്നും ഇതിലൂടെ ഫലപ്രദമായ പ്രതിരോധ നടപടികളും ജീവിതശൈലി മാറ്റങ്ങളും സ്വീകരിക്കാൻ സാധിക്കുമെന്നും പ്രമുഖ ജനറ്റിസിസ്റ്റും നിയോടെക് വേൾഡ് ലാബ് സിഇഒയുമായ ഡോ. എ.ഗോവിന്ദറാവു പറഞ്ഞു. ഡോ. റിസൺ രാജൻ, ഡോ. വരുൺ ശർമ, പ്രേമ സുബിൻ എന്നിവർ പങ്കെടുത്തു.

# 5,100 കോടി രൂപയുടെ പദ്ധതികൾ പ്രഖ്യാപിച്ച് അസറ്റ് ഹോംസ്

ASSET
Responsibly Yours

കൊച്ചി: അസറ്റ് ഹോംസ് നടപ്പു സാമ്പത്തിക വർഷം 5,100 കോടി മൂല്യമുള്ള 28 പാർപ്പിട പദ്ധതികൾ ആരംഭിക്കുന്നു. 55 ലക്ഷം ചതുരശ്രയടി വിസ്തീർണമുള്ള 3,821 പാർപ്പിടങ്ങളാണ് നിർമിക്കുക. അവയിൽ 10 ലക്ഷം ചതുരശ്രയടി വരുന്ന 600 പാർപ്പിടങ്ങൾ ഇക്കൊല്ലം തന്നെ ഉടമകൾക്ക് കൈമാറും.

പ്രവർത്തനം തുടങ്ങി 20 വർഷം തികയുന്ന ഈ വർഷം അസറ്റ് ഹോംസിന്റെ പൂർത്തിയായ പദ്ധതികളുടെ എണ്ണം 150 കടക്കുമെന്ന് സ്ഥാപകനും എംഡിയുമായ വി. സുനിൽകുമാർ പറഞ്ഞു. തൃപ്പൂണിത്തുറ ഗാന്ധി സ്ക്വയറിൽ അസറ്റ് ഹോംസിന്റെ എറൗണ്ട് ദ് ട്രീ പദ്ധതിയുടെ ശിലാസ്ഥാപനം മെയ് 8ന് നടക്കും.

കളമശ്ശേരിയിൽ ടിസിഎം കമ്പനിയുമായി ചേർന്ന് 24 ഏക്കറിൽ ടൗൺഷിപ്പ് നിർമാണത്തിനും തുടക്കമിടുമെന്നും അദ്ദേഹം പറഞ്ഞു



# ഇടപ്പള്ളി വിശുദ്ധ ഗീവർഗീസ്



**ജീ**വിത ദുരിതങ്ങളുടെ തീമഴ വീണ് മുറിവേൽക്കുന്ന വ്രണിത ഹൃദയങ്ങൾക്ക് ഇതൊരു സ്നേഹ തീർത്ഥാടന കേന്ദ്രം. ഇടപ്പള്ളി ഗീവർഗ്ഗീസ് സഹദായുടെ തിരുനാൾ ദിനങ്ങൾ അശരണർക്കും ആർത്തൻമാർക്കും ആലംബഹീനർക്കും സാന്ത്വനം ലഭിക്കുന്ന നാളുകളാണ്. ജാതിമതഭേദമെന്യേ വിശുദ്ധൻെറ അനുഗ്രഹവർഷങ്ങൾക്കായി ആർത്തലച്ചെത്തുന്ന ജനലക്ഷങ്ങൾ ഇവിടെ സ്ഥിരം കാഴ്ച.

സൃഷ്ടിയെ ഉദ്ധരിക്കുവാൻ അങ്കം വെട്ടുന്നവരാണ് വിശുദ്ധരെന്ന് പ്രസിദ്ധ തത്വചിന്തകനായ ഷാക്ക് മാരിറ്റയിൻ അഭിപ്രായപ്പെടുന്നു. സത്യവും സ്നേഹവുമാണ് ഇതിനുള്ള ആയുധങ്ങൾ.

ഈ പോരാട്ടം ആരംഭിക്കുന്നത് അവരുടെയുള്ളിൽ തന്നെയാണ്. അവരുടെ മനസ്സിൻെറ ഏറ്റവും ഗോപ്യമായ ആഗ്രഹങ്ങളിലും ആത്മാവിൻെറ അഭിലാഷങ്ങളിലും ലോകം വലുതെന്നു കരുതുന്നവ നിസ്സാരമാക്കപ്പെടുകയും ലോകം നിസ്സാരമെന്നു പുച്ഛിച്ചു തള്ളുന്നവ മഹത്വീകരിക്കപ്പെടുകയും ചെയ്യുന്ന പുതിയ ആകാശവും പുതിയ ഭൂമിയും ഉദയം ചെയ്യുമ്പോഴാണ് ഈ പോരാട്ടം അവസാനിക്കുക.

ഈ യുദ്ധത്തിൽ വിശുദ്ധൻ ഒറ്റയ്ക്കാവാം. ബാക്കിയെല്ലാവരും ഒരുമിച്ചും. ഒറ്റയ്ക്കു നിന്നാണെങ്കിലും സത്യവും നീതിയും കൊണ്ട് പടവെട്ടി ഒരു പുത്തൻ സമൂഹം കെട്ടിപ്പടുക്കുവാൻ ആത്മധൈര്യത്തോടെ സ്ഥാനമാനങ്ങളെയും ബഹുമതികളെയും തൃണവൽക്കരിച്ചുകൊണ്ട് തൻെറ വിശ്വാസ സംരക്ഷണത്തിനായി ജീവൻ ആഹൂതി ചെയ്ത വീരയോദ്ധാവാണ് വിശുദ്ധ ഗീവർഗീസ്.

ഈ മഹാരക്തസാക്ഷിയുടെ സ്മരണകളെ അയവിറക്കുമ്പോൾ വിശ്വാസതീക്ഷ്ണതയുടെ പ്രഭാവലയം നമുക്കു ചുറ്റും ഓളം വെട്ടും. ആ പ്രകാശവലയത്തിൽ നമ്മുടെ തന്നെ സ്വയം രൂപങ്ങളെ വ്യക്തമായി കാണാനും അവയെ മനസ്സിലാക്കുവാനും തയ്യാറാകേണ്ട അവസരമാണ് ഈ വിശുദ്ധൻെറ തിരുനാളാചരണത്തിലൂടെ നിർവ്വഹിക്കേണ്ടത്.

ലാഭനഷ്ടക്കണക്കുകൾ കൂട്ടി പ്രവർത്തനങ്ങൾക്ക് പദ്ധതിയിടുന്നവർക്ക് വെല്ലുവിളിയായി, നാടോടുമ്പോൾ നടുവെ ഓടാൻ വെമ്പുന്നവരുടെ മുമ്പിൽ ചോദ്യചിഹ്നമായി, നഷ്ടപ്പെടുവാനും നഷ്ടപ്പെടുത്തുവാനും തുനിഞ്ഞിറങ്ങുന്നവർക്ക് വഴികാട്ടിയായി, വിശ്വാസ സംരക്ഷണത്തിനായി പ്രേക്ഷിതത്ത്വത്തിൻെറ ഇടുങ്ങിയ പാതകളിലൂടെ നീങ്ങുന്നവർക്ക് അത്താണിയായി വിശുദ്ധ ഗീവർഗീസ് എന്നും നമ്മുടെ മുന്നിൽ നിൽക്കുന്നുണ്ട്. ഈ ധന്യവിശുദ്ധൻെറ നാമധേയത്തിൽ തലയുയർത്തി നിൽക്കുന്ന മഹാനഗരത്തിലെ അത്ഭുതങ്ങളുടെ തിരുസന്നിധാനമാണ് ഇടപ്പള്ളി ഫൊറോന ദേവാലയം.

ആദ്ധ്യാത്മിക ചൈതന്യം നിറഞ്ഞുതുളുമ്പുന്ന സാംസ്ക്കാരിക കേന്ദ്രമാണ് കൊച്ചി മഹാനഗരം. അംബരചുംബികളായ ക്രിസ്ത്യൻ ദേവാലയങ്ങളും ഉത്തുംഗങ്ങളായ ഹൈന്ദവ ക്ഷേത്രഗോപുരങ്ങളും മനോഹരങ്ങളായ മുസ്ലീം പള്ളികളും അണിനിരന്നുനിൽക്കുന്ന ഈ നഗരം മതസൗഹാർദ്ദത്തിൻെറ ഒരുത്തമ പ്രതീകമാണ്.

ക്രൈസ്തവ ദേവാലയങ്ങളിൽ നിന്നുയരുന്ന കർണ്ണാനന്ദകരമായ മണിനാദങ്ങളും ഹൈന്ദവ ക്ഷേത്രങ്ങളിൽ നിന്നുയരുന്ന ശ്രീ വെങ്കിടേശ്വര സുപ്രഭാത കീർത്തനങ്ങളും മസ്ജിദുകളിൽ നിന്നുയരുന്ന ബാങ്ക് വിളികളും കേട്ടുകൊണ്ടാണ് കൊച്ചി നഗരത്തിലെ ഓരോ പ്രഭാതവും പൊട്ടി വിടരുക.

വിവിധ മതവിശ്വാസികൾ സൗഹാർദ്ദത്തോടുകൂടി തിങ്ങിപ്പാർക്കുന്ന ഈ പട്ടണത്തിലാണ് പ്രശസ്ത തീർത്ഥാടനകേന്ദ്രമായ വിശുദ്ധ ഗീവർഗ്ഗീസിൻെറ നാമധേയത്തിലുള്ള ഇടപ്പള്ളി ഫൊറോന ദേവാലയം സ്ഥിതി ചെയ്യുന്നത്.

ദേശീയപാത 47-നഭിമുഖമായി വിശ്വാസ ത്തിൻെറ പൈതൃകവുമേന്തി പതിനാലു നൂറ്റാണ്ടുകളുടെ പുണ്യസ്മരണകളുമായി ഒരു വിശ്വാസസമൂഹത്തിൻെറ ആരാധനാലയ മായി, അനേകായിരങ്ങൾക്ക് സാന്ത്വനത്തിൻെറ ആത്മീയ സുഖസ്പർശന സൗഖ്യമേകുന്ന മഹാസൗധമായി ഉയർന്നു നിൽക്കുന്ന സെൻറ് ജോർജ് ദേവാലയത്തിൽ ആഘോഷങ്ങളുടെ പൊൻവെളിച്ചം വിതറുന്ന രാപകലു കളാണ് ഇനിയുള്ള ഒരു മാസക്കാലം.

ഏപ്രിൽ 25ന് കൊടികയറ്റത്തോടെ ആരംഭിച്ച തിരുനാളാഘോഷങ്ങൾ മെയ് 4ന് സമാപിക്കുമെങ്കിലും എട്ടാമിടവും പിന്നിട്ട് വീണ്ടും ഒരു മാസത്തോളം തിരുനാളിൻെറ ആഘോഷാരവങ്ങൾ അലയടിച്ചുയരും.

നിത്യേനെ നാനാജാതി മതവിശ്വാസികളെ നഗരത്തിനുള്ളിലും പുറത്തുനിന്നുമായി ആകർഷിച്ചുകൊണ്ടിരിക്കുന്ന ഈ ദേവാലയം ശില്പകലയുടെയും ചിത്രകലകളുടെയും ഒരു സുന്ദര ദൃശ്യം കൂടിയാണ്.

വിഷജന്തുക്കളുടെ ആക്രമണങ്ങളിൽ നിന്നും വാഹനാപകടങ്ങളിൽനിന്നും രക്ഷ നേടുന്നതിനായി വർണ്ണവർഗ വ്യത്യാസമില്ലാതെ അനേകായിരം വിശ്വാസികൾ ദിനം പ്രതി ഈ പുണ്യകേന്ദ്രം സന്ദർശിച്ച് നേർച്ച കാഴ്ചകൾ സമർപ്പിച്ച് അനുഗ്രഹപൂരിതരായി മടങ്ങുന്നുണ്ട്. ദേവാലയത്തിനു മുന്നിലായി ഹൈവേയോട് തൊട്ടുരുമ്മി സ്ഥിതിചെയ്യുന്ന വിശുദ്ധ കൊച്ചുത്രേസ്യായുടെ നാമത്തിലുള്ള കപ്പേളയ്ക്കു മുന്നിൽ കൂപ്പിയ കരങ്ങളുമായി നിൽക്കുന്ന മനുഷ്യരേയും ജ്വലിച്ചുയരുന്ന തിരിനാളങ്ങളും ഏതു സമയത്തും അണമുറിയാതെ കണ്ടെത്താനാവുന്നത് നിത്യസംഭവമാണ്.

വഴിയാത്രികർ ഇവിടെയെത്തി വിശുദ്ധ ഗീവർഗിസിൻെറ മാദ്ധ്യസ്ഥ്യം യാചിച്ച് പ്രാർത്ഥനകൾ നടത്തി നേർച്ച സമർപ്പിച്ചാൽ അപകടങ്ങളിൽനിന്നും സംരക്ഷിതരാകും എന്ന വിശ്വാസവും അനുഭവസാക്ഷ്യങ്ങളുമാണ് ഇതിനു കാരണം. വർഷം തോറും ഏപ്രിൽ 23നാണ് കത്തോലിക്കാ തിരുസഭ വിശുദ്ധ ഗീവർഗീസിനെ അനുസ്മരിക്കുന്ന ദിനമായി ആചരിച്ചു വരുന്നത്. എന്നാൽ, ഇടപ്പള്ളി തീർത്ഥാടന കേന്ദ്രത്തിൽ ആർഭാടപൂർവ്വം വിശുദ്ധൻെറ തിരുനാൾ കൊണ്ടാടുന്നത് മെയ് മൂന്ന്, നാല് തീയതികളിലാണ്. പതിവു പോലെ ഈ വർഷവും പത്തുനാൾ നീണ്ടു നിൽക്കുന്ന തിരുനാളാഘോഷങ്ങൾക്ക് ഏപ്രിൽ 25ന് ആരംഭം കുറിച്ചു.

തിരുനാളവസരത്തിൽ മെയ് 1ന് മാത്രമാണ് സ്വർണ്ണാഭരണങ്ങൾ ചാർത്തിക്കൊണ്ട് വിശുദ്ധ ഗീവർഗീസ് സഹദായുടെ അത്ഭുതരൂപം പൊതുദർശനത്തിനും വണക്കത്തിനുമായി പുറത്തേക്കെടുക്കുന്നത്.


പ്രധാന പീഠത്തിൽ നിന്നിറക്കി ദേവാലയത്തിന് പുറത്ത് സജ്ജമാക്കിയിട്ടുള്ള അലങ്കരിച്ച പന്തലിൽ കമനീയമായി സുസജ്ജമാക്കിയിട്ടുള്ള രഥത്തിൽ എഴുന്നെള്ളിച്ചിരുത്തുമ്പോൾ മണിനാദങ്ങളുടെയും ബാൻറുമേളങ്ങളുടെയും കാതടപ്പിക്കുന്ന കതിനാവെടികളുടെയും ശബ്ദംകൊണ്ട് അന്തരീക്ഷം മുഖരിതമാകുമ്പോൾ മാനത്ത് വർണ്ണരാജികൾ വിതറിക്കൊണ്ടുള്ള ഗുണ്ടുകൾ പ്രകാശവലയം ചാർത്തും. ഇവയ്ക്കൊക്കെ സാക്ഷികളായി പതിനായിരക്കണക്കിന് വിശ്വാസികൾ

വായിക്കുക...
വരിക്കാരാവുക...
പ്രചരിപ്പിക്കുക...

മാർക്കറ്റിംഗ് ഫീച്ചറുകൾക്കും പരസ്യ അന്വേഷണങ്ങൾക്കും ബന്ധപ്പെടുക

മാനേജർ, കൊച്ചിൻ പത്രിക
നോർത്ത് പാലാതുരുത്തി ഫസ്റ്റ് സ്ട്രീറ്റ്
കലൂർ പി.ഒ., കൊച്ചി – 682 017
ഫോൺ : +91 484 – 2338268, 3917321
ഫാക്സ് : +91 484 2402389
മൊബൈൽ : +91 9447090041
Website : www.kochinpathrika.com
E-mail : mail@kochinpathrika.com
kochinpathrika1@rediffmail.com

# സഹദായുടെ തിരുന്നാൾ



തൊഴുകയ്യും നിറകണ്ണുകളുമായി അത്ഭുത രൂപത്തിന് ചുറ്റും അണിനിരന്നിട്ടുണ്ടാകും.

ഈ സമയത്ത് വെറ്റിലയും പൊരിയും രൂപക്കൂടിലേക്ക് ഭക്തിയോടെ എറിയുകയും അങ്ങനെ എറിഞ്ഞ് താഴെ വീഴുന്ന വെറ്റിലയും പൊരിയും ഭക്തജനങ്ങൾ സംപൂജ്യ മായി ശേഖരിച്ചെടുത്ത് വീടുകളിലേക്ക് കൊണ്ടുപോകു കയും ചെയ്യും.

എ.ഡി. 593ൽ നിർമ്മിച്ചിട്ടുള്ള പുരാതനമായ ഒരു ദേവാലയമാണ് ഇടപ്പള്ളിയിലെ വിശുദ്ധ ഗീവർഗീസിൻെറ നാമധേയത്തിലുള്ള ആരാധനാലയം. കാലാന്തരത്തിൽ വിശ്വാസികളുടെ എണ്ണം വർദ്ധിക്കുകയും ആദ്ധ്യാത്മികാ വശ്യങ്ങളുടെ വർദ്ധനയുണ്ടാവുകയും ചെയ്തപ്പോൾ പുരാതനമായ ഈ ദേവാലയത്തിൽ പരിമിതികള നുഭവപ്പെട്ടു.

ഇതേത്തുടർന്ന് 1080–ാംമാണ്ടിൽ നവീന ദേവാലയ ത്തിന് രൂപം നൽകി. കാലമേറെ കഴിഞ്ഞപ്പോൾ ഇവി ടെയും പരിമിതികൾ അനുഭവപ്പെട്ടുതുടങ്ങി. അങ്ങിനെ യാണ് പള്ളിക്ക് പടിഞ്ഞാറ്വശം മനോഹരമായ പുതിയ ദേവാലയം പണിത് ഉയർന്നത്. അതിന്റെ ആശിർവാദ കർമ്മവും ഗംഭീരമായി നടന്നു. എന്നിരുന്നാലും പഴയ ദേവാലയം ഇന്നും ഒരു ചരിത്രസാക്ഷിയായി വലിയ പള്ളിയുടെ സമീപത്തായി നിലനിൽക്കുക തന്നെ ചെയ്യും.

ഈ പ്രദേശത്ത് ദേവാലയം സ്ഥാപിക്കുന്ന കാലത്ത് മറ്റ് സമീപ ദേശങ്ങളിലൊന്നും ക്രൈസ്തവ ദേവാലയ ങ്ങളൊന്നും തന്നെ ഇല്ലായിരുന്നു. ആയതിനാൽ, ആദ്ധ്യാത്മികാവശ്യങ്ങൾ നിറവേറ്റുന്നതിനായി ക്രൈസ്തവരായ ജനങ്ങൾ അനേക മൈൽദൂരം താണ്ടി ഈ ദേവാലയത്തിലെത്തി മതകർമ്മങ്ങളിൽ പങ്കെടുക്കു മായിരുന്നു. മറ്റ് ദേവാലയങ്ങളൊന്നും സമീപ പ്രദേശ ങ്ങളിൽ ഉണ്ടാകാതിരുന്നതിൻെറ അഭാവത്താൽ വളരെ ദൂരത്തു വസിച്ചിരുന്ന ക്രൈസ്തവരുടെയും 'ഇടവക പ്പള്ളി' ഇതായിരുന്നു എന്നാണ് ചരിത്രം രേഖപ്പെടുത്തു ന്നത്. അങ്ങനെ 'ഇടവകപ്പള്ളി' ലോപിച്ച് 'ഇട പ്പള്ളി'യായതെന്നുമാണ് ആദരണീയമായ പാരമ്പര്യങ്ങ ളിലൊന്ന്.

വിശുദ്ധ ഗീവർഗീസിൻെറ പരിപാവനമായ നാമത്താൽ പുരിതമാക്കപ്പെട്ട ഈ ദേവാലയം സ്ഥിതിചെയ്യുന്ന സ്ഥലങ്ങളും ദേവാലയത്തിൽനിന്ന് കിഴക്കോട്ട് പ്രദക്ഷി ണം പോകുന്ന വഴിയും കിഴക്ക് കുരിശ് സ്ഥാപിച്ചിരിക്കുന്ന സ്ഥലവും എളങ്ങല്ലൂർ സ്വരൂപത്തിൽ നിന്ന് ഇടപ്പള്ളി രാജാവ് കരമൊഴിവായും ദാനമായും നൽകിയ താണെന്നാണ് ചരിത്രം സാക്ഷ്യപ്പെടുത്തുന്നത്.

1767–ാമാണ്ടിൽ വരാപ്പുഴ വികാരി അപ്പസ്തോ ലിക്കയുടെ കീഴിലായിരുന്നു ഇടപ്പള്ളി പള്ളി. പ്രസ്തുത ഭരണകാലത്ത് ഇവിടത്തെ ഇടവകക്കാരിൽ വിശുദ്ധ ഗീവർഗീസിനോടുള്ള ഭക്തിയും വിശ്വാസവും വളരെ രൂഢമൂലമായിരുന്നു.

വിശ്വാസികളുടെ നിരന്തരമായ അപേക്ഷയുടെ ഫലമായി ഭാഗ്യസ്മരണാർഹനായ ലെയോനാർദ്ദ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് 1864–ൽ വിശുദ്ധ ഗീവർഗീസിൻെറ നാമത്തിൽ ദർശന (കൊമ്രേബര്യ) സമൂഹം സ്ഥാപിക്കുന്നതിനുള്ള അനുമതി നൽകുക യുണ്ടായി.

എന്നാൽ 1869 മെയ് നാലിനുമാത്രമാണ് വിശുദ്ധൻെറ തിരുനാൾ പ്രസുദേന്തി ഏറ്റെടുത്ത് നടത്താൻ തുടങ്ങി യതെന്നു പറയപ്പെടുന്നു. അങ്ങനെ 1869–ൽ വികാരി യായിരുന്ന പിട്ടാപ്പള്ളി കുര്യാക്കോസച്ചൻെറ കാലത്ത് മെയ് നാലിന് ചക്കാലയ്ക്കൽ പാപ്പി ആദ്യത്തെ പ്രസുദേന്തിയായി തിരുനാളാഘോഷം നടത്തി.

തുടർന്ന് ഓരോ വർഷവും ഇടവകാംഗങ്ങളായ ക്രൈസ്ത വരും അല്ലാത്തവരുമായവർ വിശുദ്ധൻെറ തിരുനാൾ ഏറ്റെടുത്തു നടത്തുവാൻ ആരംഭിച്ചു. ആ പതിവ് മുറതെറ്റാതെ ഇന്നും പിൻതുടരുന്നു എന്നു മാത്രമല്ല. മുൻകാലങ്ങളെക്കാൾ പൂർവോപരി ഭംഗിയായി ആഘോഷിച്ചു വരികയാണ്. അടുത്തവർഷത്തേയ്ക്കുള്ള പ്രസുദേന്തിയെ തലേവർഷം തന്നെ തെരഞ്ഞെടുക്കു കയും പ്രസുദേന്തിയേയും ഒഫീഷ്യാളൻമാരെയും പ്രധാന തിരുനാളിനുമുമ്പ് വാഴിക്കുകയും ചെയ്യും.

**– ജോളി സൈമൺ**




ഈ നേട്ടം കൊച്ചിൻ പത്രികയ്ക്ക് മാത്രം സ്വന്തം!!!

**29 വർഷം കൊണ്ട്**
**100% വളർച്ച!**

കൊച്ചിൻ പത്രിക എന്നും
കൊച്ചി നഗരത്തിന്റെ കുതിപ്പിനൊപ്പം!

വായനക്കാരും പരസ്യം നൽകുന്നവരും
ഒരേ സമയം അംഗീകരിക്കുന്നു
നഗരസ്പന്ദനങ്ങളുടെ നേർചിത്രം, കാണാൻ
കൊച്ചിൻ പത്രിക വായിക്കൂ!

| പരസ്യ നിരക്ക് | | വരിസംഖ്യാ നിരക്ക് | |
|---|---|---|---|
| Col. cm | : Rs. 200/- | Yearly | : Rs. 120/- |
| Classified | : Rs. 100/- | Life Subscription | : Rs. 1800/- |
| Colour | : Rs. 400/- | | |

സ്ഥിരം ക്ലാസിഫൈഡ് പരസ്യങ്ങൾക്ക്
കൊച്ചിൻ പത്രിക സൗജന്യമായി നൽകുന്നു



# മഴക്കാല പൂർവ്വ കാന ശുചീകരണം നടത്തും

**സ്വന്തം ലേഖകൻ**

കൊച്ചി: നഗരത്തിലെ വെള്ളക്കെട്ട് ഒഴിവാക്കാനുള്ള ഓപ്പറേഷൻ ബ്രേക്ക്ത്രൂ പ്രവർത്തനങ്ങളുടെ ഭാഗമായി നഗരത്തിൽ കാനകളുടെയും തോടുകളുടെയും ശുചീകരണത്തിന് കലണ്ടർ തയ്യാറാക്കി.

സമയപരിധിക്കുള്ളിൽ പദ്ധതി പൂർത്തിയാക്കാൻ കളക്ടർ ജി.പ്രിയങ്കയുടെ അധ്യക്ഷതയിൽ ചേർന്ന യോഗം തീരുമാനിച്ചു. മെയ് 15നകം കാന, കനാൽ ശുചീകരണം പൂർത്തിയാക്കും. ഡപ്യൂട്ടി കളക്ടറുടെയും ജൂനിയർ സൂപ്രണ്ടിന്റെയും നേതൃത്വത്തിൽ പരിശോധന നടത്തും.

മുല്ലശ്ശേരി കനാലിൽ പ്രീ-ഫാബ് നിർമാണത്തിന് ഇറിഗേഷൻ എക്സിക്യൂട്ടീവ് എൻജിനീയർക്ക് ഫണ്ട് അനുവദിക്കും. യൂട്ടിലിറ്റി ഷിഫ്റ്റിങ്ങിന് 1.24 കോടി രൂപ കോർപറേഷൻ നൽകും.

ടി.പി. കനാലിന്റെ 1, 4 റീച്ചുകൾ പൂർത്തിയായി. 2, 3 റീച്ചുകൾ ഉടൻതന്നെ പൂർത്തിയാകും. കനാൽ മൗത്ത് വൃത്തിയാക്കുന്നത് മെയ് 15ന് അകം തീർക്കാൻ കോർപറേഷൻ നിർദേശം നൽകി.

കനാലുകളിലേക്ക് മാലിന്യം തള്ളുന്നത് തടയാൻ എട്ടു സ്ഥലങ്ങളിൽ 1.5 കോടി രൂപ ചെലവിൽ ഫ്ളോട്ടിങ് ട്രാഷ് ബൂമുകൾ സ്ഥാപിക്കും.

കമ്മട്ടിപ്പാടത്തെ കലുങ്കുകളുടെ നിർമാണം ഏപ്രിൽ അവസാനത്തോടെ പൂർത്തിയാക്കാൻ റെയിൽവേക്ക് നിർദേശം നൽകി. എന്നാൽ മറ്റ് 25 കലുങ്കുകളുടെ ശുചീകരണം ഇതുവരെ ആരംഭിച്ചിട്ടില്ലെന്നത് ഗൗരവത്തോടെ കാണുന്നുവെന്ന് കളക്ടർ പറഞ്ഞു.

കലൂർ അറവുശാലയിൽ നിന്നുള്ള മാലിന്യം ജലാശയങ്ങളിലേക്ക് തള്ളുന്നതിനെതിരെ നടപടി സ്വീകരിക്കാൻ കോർപറേഷൻ സെക്രട്ടറിക്ക് നിർദേശം നൽകി. ചേരാനല്ലൂരിൽ പുതിയ അറവുശാല സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ഡപ്യൂട്ടി കളക്ടർ യോഗം വിളിക്കും.

ഒറ്റത്തവണ ഉപയോഗിക്കുന്ന പ്ലാസ്റ്റിക്കിന്റെ ഗോഡൗണുകൾ കേന്ദ്രീകരിച്ച് പരിശോധന നടത്തും. മുണ്ടംവേലി പി ആന്റ് ടി ഫ്ളാറ്റുകളുടെ അറ്റകുറ്റപ്പണി സംബന്ധിച്ച് കളക്ടറുടെ അധ്യക്ഷതയിൽ യോഗം ചേരും. കോയിത്തറ കനാലിന്റെ തൽസ്ഥിതി റിപ്പോർട്ട് നൽകാൻ യോഗം കോർപറേഷൻ സെക്രട്ടറിക്ക് നിർദേശം നൽകി.

# ഫാക്ടിൽ നിന്ന് പെരിയാറിലേക്ക് രാസമാലിന്യം തള്ളുന്നതായി പിസിബി

കൊച്ചി: പെരിയാറിലേക്ക് ഫാക്ടിൽനിന്ന് രാസമാലിന്യം തള്ളുന്നതായി മലിനീകരണ നിയന്ത്രണ ബോർഡ് (പിസിബി). 4 ദിവസം തുടർച്ചയായി നടത്തിയ നിരീക്ഷണത്തിലും പരിശോധനയിലുമാണ് ഫാക്ടിൽനിന്ന് മാലിന്യം പെരിയാറിൽ കലരുന്നതായി കണ്ടെത്തിയത്. മാലിന്യം നദിയിലേക്ക് ഒഴുക്കുന്നത് നിർത്തിവയ്ക്കണമെന്നും തകരാറുകൾ പരിഹരിച്ച് റിപ്പോർട്ട് നൽകണമെന്നും ഫാക്ടിനോട് പിസിബി ആവശ്യപ്പെട്ടു.

ഫാക്ടിന്റെ അതിർത്തിയിൽ പുഴയിൽ നിറ വ്യത്യാസവും വെള്ള, എണ്ണമയമുള്ള വസ്തുക്കൾ പൊങ്ങിക്കിടക്കുന്നതും പിസിബി കണ്ടെത്തി. പ്രധാനമായും ഫോസ്ഫോറിക് ആസിഡ് ബാർജ് ഇറക്കുന്ന സ്ഥലത്തിനും അംഗീകൃത ഔട്ട്ലെറ്റിന് സമീപത്തുമാണ് ഈ കണ്ടെത്തലുകൾ. ചില സാമ്പിളുകളിൽ താഴ്ന്ന പിഎച്ചും കണ്ടെത്തി. സൾഫേറ്റ്, അമോണിയാക്കൽ നൈട്രജൻ, ടോട്ടൽ കെൻഡാൽ നൈട്രജൻ (ടികെഎൻ) എന്നിവയുടെ സാന്നിധ്യവും കണ്ടെത്തിയെന്ന് പിസിബി അവകാശപ്പെട്ടു. ഇത് ഫാക്ടിൽനിന്ന് നദിയിലേക്ക് മാലിന്യം പുറന്തള്ളുന്നതോ ചോർന്നൊലിക്കുന്നതോ സൂചിപ്പിക്കുന്നതാണെന്നും പിസിബി ചൂണ്ടിക്കാട്ടി.

ഉയർന്ന അസിഡിറ്റി ഉള്ള മാലിന്യങ്ങൾ സംഭരിക്കുന്ന പ്രദേശത്തെ മാലിന്യ ശേഖരണ ടാങ്ക് മോശമായി പരിപാലിക്കുന്നു. ടാങ്കിൽ നിന്ന് അനുബന്ധ ഡ്രെയിനുകൾ വഴി നദിയിലേക്ക് ചോർച്ച ഉണ്ടാകുന്നുവെന്നും പിസിബി സൂചിപ്പിക്കുന്നു.

ഫാക്ടിന്റെ അതിർത്തിയിൽ നദിയിൽ കാണുന്ന നിറവ്യത്യാസത്തിനും പൊങ്ങിക്കിടക്കുന്ന നുരയും വെളുത്ത വസ്തുക്കളുമായി ഫാക്ടിന് യാതൊരു ബന്ധവുമില്ലെന്ന് ഫാക്ട് അധികൃതർ അറിയിച്ചു.

ഫാക്ടംഫോസ് പ്ലാന്റിലും പ്രദേശങ്ങളിലും ചോർച്ചയില്ല. എങ്കിലും പ്ലാന്റിന്റെ കാലപ്പഴക്കം കണക്കിലെടുത്തു ഡ്രെയ്നേജ് സിസ്റ്റത്തെ ചോർച്ചയിൽനിന്ന് സുരക്ഷിതമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. സംസ്കരിച്ച മാലിന്യം മാത്രമേ ഫാക്ട് പുറന്തള്ളുന്നുള്ളൂവെന്ന് ഫാക്ട് മാനേജ്മെന്റ് അറിയിച്ചു.

# കേരള വിപണിയിൽ സാന്നിധ്യം ശക്തമാക്കി ജിൻഡാൽ

കൊച്ചി: ജിൻഡാൽ ടിഎംടി ബാറുകൾ കേരളത്തിൽ നിർമിക്കുന്നതിനായി ജിൻഡാൽ റോളിങ് മിൽസും കേരളം ആസ്ഥാനമായ നോവ സ്റ്റീൽസും കൈകോർക്കുന്നു. നോവയുടെ കഞ്ചിക്കോട് പ്ലാന്റിൽ ടിഎംടി ബാറുകളുടെ നിർമാണം ഉടൻ ആരംഭിക്കും. കേരളത്തിന്റെ ഈർപ്പമുള്ള കാലാവസ്ഥയ്ക്ക് ഇണങ്ങിയ ഗുണനിലവാരത്തിലായിരിക്കും ടിഎംടി കമ്പനികൾ നിർമിക്കുകയെന്നും ജിൻഡാൽ ടിഎംടി വൈസ് പ്രസിഡന്റ് അമിത് ഗോയൽ പറഞ്ഞു.

JINDAL STEEL & POWER

ജിൻഡാൽ 500, 550 ശ്രേണി ഭൂകമ്പ പ്രതിരോധ ബാറുകൾ ഗുണമേന്മയിലും ദീർഘനാൾ ഈടു നിൽക്കുന്നതിലും മുൻപന്തിയിലാണ്. കെട്ടിടം നിർമാണത്തിന് മികച്ച ടിഎംടി ബാറുകളാണ് കേരളത്തിൽ തന്നെ നിർമിച്ചു വിപണിയിൽ എത്തിക്കുന്നത്. കൂടുതൽ ഡീലർമാരെ നിയമിക്കുമെന്നും അദ്ദേഹം പറഞ്ഞു.

സിമന്റ് മറ്റൊരു ബ്രാന്റിനായി നിർമിച്ചുകൊടുക്കുന്നുണ്ടെന്നു നോവ സ്റ്റീൽസ് മാനേജിങ് പാർട്ണർമാരായ ഐബിൻ മൂസ, മൊയ്തീൻ മാണി, മാനേജർ കെ.എ.മിൻഹാജ്, പ്രൊഡക്ഷൻ മാനേജർ കെ.എം.മിസ്വാൻ എന്നിവർ പറഞ്ഞു.

# സർക്കാർ ആശുപത്രിയിൽ മരുന്നു ക്ഷാമം രൂക്ഷമായി




കൊച്ചി: സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ മരുന്നുക്ഷാമം രൂക്ഷം. ജീവിതശൈലി രോഗങ്ങൾക്കുള്ള മരുന്നുകൾ, വേദന സംഹാരികൾ, സ്റ്റിറോയ്ഡുകൾ എന്നിവയ്ക്കാണ് ക്ഷാമം. സർക്കാർ ആശുപത്രികളെ ആശ്രയിക്കുന്ന സാധാരണക്കാരാണ് ഇതുമൂലം വലയുന്നത്. പലർക്കും സ്ഥിരമായി കഴിച്ചുകൊണ്ടിരുന്ന മരുന്നുകൾ പോലും ലഭിക്കുന്നില്ല.

ഡോക്ടർമാർ പുറമേ നിന്ന് വാങ്ങാൻ എഴുതി നൽകിയാലും സാമ്പത്തിക ശേഷിയില്ലാത്തതു പലരെയും പ്രതിസന്ധിയിലാക്കുന്നു.

സ്ഥിരമായി രോഗികൾ കഴിച്ചുകൊണ്ടിരിക്കുന്ന മരുന്നുകളുടെ സ്റ്റോക്ക് ഇല്ലാത്തതിനാൽ ചില മരുന്നുകൾ മാറി നൽകിയാണ് ഡോക്ടർമാർ താൽക്കാലിക പരിഹാരം കാണുന്നത്.

എന്നാൽ, ചില മരുന്നുകൾക്ക് പകരം മറ്റു മരുന്നുകൾ നൽകാനും കഴിയില്ല. ഇനിയും മരുന്നുകൾ എത്തിയില്ലെങ്കിൽ ചികിത്സ അവതാളത്തിലാകുമെന്ന് ഡോക്ടർമാർ പറയുന്നു.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ ചുമതലയിലുള്ള ആരോഗ്യ കേന്ദ്രങ്ങളിൽ, മരുന്നു വിതരണത്തിനായി കേരള മെഡിക്കൽ സർവീസസ് കോർപറേഷൻ ഓരോ വർഷവും തുക അടയ്ക്കുന്നുണ്ട്. എന്നാൽ അവർ മരുന്നു വിതരണം നടത്താത്തത് പ്രതിസന്ധി സൃഷ്ടിക്കുന്നു.

# ഡബിൾ ഹോഴ്സ് ഗോൾഡൻ ഗെറ്റ് എവേ സീസൺ 3 വിജയികൾ

കൊച്ചി: ഭക്ഷ്യോല്പന്ന ബ്രാന്റായ ഡബിൾ ഹോഴ്സിന്റെ ഗോൾഡൻ ഗെറ്റ് എവേ സീസൺ 3 വിജയികളെ പ്രഖ്യാപിച്ചു.

ലീന വാസുദേവൻ (ഗുരുവായൂർ) ബംപർ സമ്മാനമായ കിയ സോണറ്റ് കാർ സ്വന്തമാക്കി. കണ്ണൂർ സ്വദേശി നിധിഷക്കാണ് സിംഗപ്പൂർ ട്രിപ്പിന് അവസരം ലഭിച്ചത്. എയർ കണ്ടിഷനർ, മൈക്രോവേവ് അവ്ൻ, എയർ ഫ്രയർ, സ്വർണ നാണയങ്ങൾ തുടങ്ങിയവ മറ്റു വിജയികൾക്ക് സമ്മാനിച്ചു.

ബ്രാന്റ് അംബാസിഡറായ നടി മംമ്ത മോഹൻദാസ്, അസോഷ്യേറ്റ് ഡയറക്ടർമാരായ എലിസ വിനോദ് മഞ്ഞില, ആനി വിനോദ് മഞ്ഞില, ആനിയ സന്തോഷ് മഞ്ഞില എന്നിവർ സമ്മാനങ്ങൾ വിതരണം ചെയ്തു. മൊത്തം 6 കോടി രൂപ മൂല്യമുള്ള സമ്മാനങ്ങൾ നൽകിയതായി ഡബിൾ ഹോഴ്സ് ചെയർമാനും മാനേജിങ് ഡയറക്ടറുമായ വിനോദ് മഞ്ഞില പറഞ്ഞു.



# ധന്യപദവിയിൽ തിയോഫിനച്ചൻ

**സ്വന്തം ലേഖകൻ**

കൊച്ചി: ദൈവദാസൻ തിയോഫിനച്ചനെ ലിയോ പതിനാലാമൻ മാർപാപ്പ ധന്യപദവിയിലേക്ക് ഉയർത്തിയതിന്റെ ഔദ്യോഗിക പ്രഖ്യാപനം പ്രാർഥനാ നിർഭരമായ അന്തരീക്ഷത്തിൽ പൊന്നുരുന്നി കപ്പുച്ചിൻ ആശ്രമ ദേവാലയത്തിൽ നടന്നു. ചടങ്ങിൽ രണ്ടായിരത്തിലധികം വിശ്വാസികൾ പങ്കുചേർന്നു.

പ്രഖ്യാപനത്തിന് മുന്നോടിയായി തിയോഫിൻ സമാധിയിൽ ദീപം തെളിച്ച് നടത്തിയ പ്രാർഥനയ്ക്ക് തിയോഫിനച്ചന്റെ ജന്മ സ്ഥലമായ കൊടുങ്ങല്ലൂർ കോട്ടപ്പുറം രൂപതയുടെ ബിഷപ് ഡോ. അംബ്രോസ് പുത്തൻവീട്ടിൽ നേതൃത്വം നൽകി. തുടർന്ന് നടന്ന കുർബാനയിൽ കോഴിക്കോട് ആർച്ച് ബിഷപ് ഡോ. വർഗീസ് ചക്കാലയ്ക്കൽ മുഖ്യകാർമികനായി. ബിഷപ് ഡോ. സ്റ്റാൻലി റോമൻ വചന സന്ദേശം നൽകി. കൊല്ലം രൂപതാ മെത്രാൻ ഡോ. പോൾ ആന്റണി മുല്ലശ്ശേരി, കണ്ണൂർ രൂപതാ സഹായ മെത്രാൻ ഡോ. ഡെന്നിസ് കുറുപ്പശേരി എന്നിവർ സഹകാർമികരായി.

തിയോഫിനച്ചനെ ധന്യപദവിയിലേക്ക് ഉയർത്തിയ മാർപാപ്പയുടെ ഉത്തരവ് വരാപ്പുഴ അതിരൂപതാ വൈസ് ചാൻസലർ ഫാ എബിജിൻ അറയ്ക്കൽ ഇറ്റാലിയൻ ഭാഷയിലും സിസിഎംഎസ്ഐ പ്രസിഡന്റ് ഫാ. ജോർജ് ആന്റണി മലയാളത്തിലും വായിച്ചു.

പ്രഖ്യാപനം വിശ്വാസി സമൂഹം കരഘോഷത്തോടെ സ്വീകരിച്ചു. ധന്യനായ തിയോഫിനച്ചന്റെ ഛായാചിത്രം പാലാരിവട്ടം സെന്റ് ജോൺ ദ് ബാപ്റ്റിസ്റ്റ് പള്ളി വികാരി ഫാ. ജോജി കൂത്തുക്കാട് അനാച്ഛാദനം ചെയ്തു.

കോട്ടപ്പുറത്ത് കൂടല്ലൂർ കുടുംബത്തിൽ 1913 ജൂലൈ 20ന് ജനിച്ച തിയോഫിനച്ചൻ 1941 ഏപ്രിൽ 20ന് പൗരോഹിത്യം സ്വീകരിച്ചു. 1968 ഏപ്രിൽ നാലിനായിരുന്നു മരണം.

## തിയോഫിനച്ചൻ

## ഇവിടെ വീണ്ടും മനുഷ്യരെ കാത്തിരിക്കുന്നു

**അ**കന്നുപോയ ദൈവ-മനുഷ്യ ബന്ധങ്ങളെ വീണ്ടും കൂട്ടിയിണക്കുവാനായി ജീവിതം ഉഴിഞ്ഞുവച്ച ദൈവിക മനുഷ്യനാണ് ധന്യനായ തിയോഫിനച്ചൻ. എത്രനാൾ ജീവിച്ചു എന്നതിലല്ല മറിച്ച് എങ്ങിനെ ജീവിച്ചു എന്നതിലാണ് പ്രസക്തി എന്ന വസ്തുത തിയോഫിനച്ചന്റെ ജീവിതം നമ്മെ അനുസ്മരിപ്പിക്കുന്നു. വർഷങ്ങൾ എത്രയോ കടന്നുപോയി. എങ്കിലും തിയോഫിനച്ചനെക്കുറിച്ചുള്ള ഓർമ്മകൾ സജീവം. ഒരേ സമയം അനേകം കർമ്മ മണ്ഡലങ്ങളിൽ തീക്ഷ്ണതയോടുകൂടെ വ്യാപരിച്ചു കൊണ്ട് കാലത്തിന്റെ ഏടുകളിൽ തന്നെക്കുറിച്ചുള്ള സ്മരണകൾ കുറിച്ചിട്ടു... വിശുദ്ധനായ ആ സന്യാസിവര്യൻ.

ഭാരത ക്രൈസ്തവ സഭയുടെ പിള്ളത്തൊട്ടിലായ കൊടുങ്ങല്ലൂരിന്റെ തെക്കേ കവാടമായ കോട്ടപ്പുറത്ത് 1913 ജൂലൈ 20ന് കൂടല്ലൂർ കുടുംബത്തിൽ ഇട്ടിച്ചെറിയ ജോർജ്ജ് ആശാൻ - അന്ന ദമ്പതികളുടെ ഒൻപത് മക്കളിൽ ആറാമനായി തിയോഫിനച്ചൻ ജനിച്ചു. മിഖായേൽ എന്നായിരുന്നു ജ്ഞാനസ്നാന പേര്. അസ്സീസിയിലെ വിശുദ്ധ ഫ്രാൻസിസിന്റെ അരൂപി ഉൾക്കൊണ്ടുകൊണ്ട് കപ്പുച്ചിൻ സഭയിൽ പ്രവേശിച്ച അദ്ദേഹം 1934 -നവംബർ 1ന് നിത്യവ്രതവാഗ്ദാനം നടത്തുകയും 1941 ഏപ്രിൽ 20ന് അജ്മീർ ബിഷപ്പ് ഗീസോ ലെഫ്ളോക്കിൽ നിന്ന് തിരുപ്പട്ടം സ്വീകരിക്കുകയും ചെയ്തു. ഇരുപത്തിയേഴു വർഷം നീണ്ടു നിന്ന തന്റെ പൗരോഹിത്യ ജീവിതത്തിൽ എല്ലാവരുടെയും സ്നേഹത്തിനും മതിപ്പിനും കാരണമായി അദ്ദേഹം വ്യാപരിച്ചു. അനുനിമിഷം ദൈവ പരിപാലനയിൽ ആശ്രയിച്ചു മുന്നേറിയ അദ്ദേഹം അനേകരുടെ വേദനകളിൽ ആശ്വാസമായി മാറി... ഒട്ടനവധി പേരുടെ നീറുന്ന പ്രശ്നങ്ങൾക്ക് പരിഹാരമായി... ഇനിയുമേറെപ്പേരെ പ്രത്യാശയിലേക്ക് കൈപിടിച്ചുയർത്തി. ഭവന സന്ദർശനങ്ങളിലൂടെ കുടുംബ വഴക്കുകൾ പരിഹരിച്ചത്, വീട് വെഞ്ചരിപ്പിലൂടെ തിന്മയുടെ ശക്തികളെ ഒഴിപ്പിച്ചത്, പ്രാർത്ഥനയിലൂടെ രോഗശാന്തി ലഭിച്ചത്. പ്രസംഗം ശ്രവിച്ച് നവീകരണമുണ്ടായത്, ഉപദേശങ്ങൾ സ്വീകരിച്ച് ആന്തരിക സമാധാനം കൈവന്നത് - ഇങ്ങനെ വിവിധ അനുഭവങ്ങൾ അച്ചനെ പരിചയമുള്ളവർ ഇന്നും സാക്ഷ്യപ്പെടുത്തുന്നു. മിഷൻ ധ്യാനങ്ങളുടെ ആരംഭ കാലത്ത് അതിലെ സുപ്രധാന അംഗമായിരുന്നു തിയോഫിനച്ചൻ. ഓരോ സന്യാസ സഹോദരനെയും മറ്റൊരു ക്രിസ്തുവാക്കി മാറ്റാനും അവർക്ക് വിശുദ്ധ ഫ്രാൻസീസിന്റെ അരൂപി പരമാവധി പകർന്നു കൊടുക്കാനും അദ്ദേഹം കഠിധാനം ചെയ്തിരുന്നു. സ്നേഹവും കരുണയും സദാ അദ്ദേഹത്തിന്റെ മുഖത്ത് തുടിച്ചുനിന്നു. കാലം എത്രയോ കഴിഞ്ഞു. എങ്കിലും തിയോഫിനച്ചനെക്കുറിച്ചുള്ള ഓർമ്മകൾ ഇന്നും സജീവം.

തന്റെ ജീവതത്തിന്റെ അവസാന പത്തു വർഷം അദ്ദേഹം സേവനമനുഷ്ഠിച്ചത് എറണാകുളത്ത് പൊന്നുരുന്നി സെന്റ് ബൊനവഞ്ചേഴ്സ് ആശ്രമം കേന്ദ്രീകരിച്ചാണ്. ഈ ആശ്രമവും ആശ്രമത്തോടു ചേർന്ന വിശുദ്ധ പത്താം പീയൂസിന്റെ നാമധേയത്തിലുള്ള ദേവാലയവും പണികഴിക്കപ്പെട്ടത് തിയോഫിനച്ചന്റെ നേതൃത്വത്തിലാണ്. ഇവിടെ വച്ചാണ് അദ്ദേഹം എല്ലാവർക്കും എല്ലാമായ 'വല്യച്ചൻ' ആയി മാറിയത്. "അവൻ നന്മ ചെയ്ത് നാടു നീളെ ചുറ്റി സഞ്ചരിച്ചു". യേശുവിനെക്കുറിച്ചുള്ള ഈ സാക്ഷ്യത്തിനും സമാനമായ സാക്ഷ്യം തന്നെയാണ് തിയോഫിനച്ചന്റെ സമകാലികർക്ക് അദ്ദേഹത്തെക്കുറിച്ച് നൽകാനുള്ളതും.

തന്റെ അൻപത്തിയഞ്ച് വർഷത്തെ ജീവിതത്തിൽ ഇരുപതു വർഷത്തോളവും തിയോഫിനച്ചൻ രോഗിയായിരുന്നു. ആ സഹന പർവ്വത്തിന്റെ ഒടുവിൽ 1968 ഏപ്രിൽ 4 ന് മരണമെന്ന സോദരി അദ്ദേഹത്തെ കവർന്നെടുത്തു. എങ്കിലും മരണത്തെ മറികടന്ന് തിയോഫിനച്ചന്റെ മധ്യസ്ഥശേഷി വിരാചിച്ചു കൊണ്ടിരിക്കുന്നു. പൊന്നുരുന്നിയിലെ സമാധിയിൽ അദ്ദേഹത്തിന്റെ ഭൗതികാവശിഷ്ടങ്ങൾ അടക്കം ചെയ്തിരിക്കുന്നു. ഇവിടെ തിങ്കളാഴ്ച തോറും മധ്യസ്ഥ പ്രാർത്ഥനയും മറ്റു ശുശ്രൂഷകളും നടന്നുവരുന്നു. സമാധിയിൽ തിരികത്തിച്ചും പൂക്കൾ ചാർത്തിയും പ്രാർത്ഥനകൾ സമർപ്പിച്ചും ഭക്തർ ധന്യനായ തിയോഫിനച്ചനോടുള്ള ആദരവ് പ്രകടിപ്പിക്കുന്നു. തങ്ങൾക്ക് ലഭിച്ച അനുഗ്രഹങ്ങൾ ദിവസേന അനേകർ എഴുതി സാക്ഷ്യപ്പെടുത്തുകയും കൃതജ്ഞത രേഖപ്പെടുത്തുകയും ചെയ്തുകൊണ്ടിരിക്കുന്നു.

ഏപ്രിൽ നാലാം തീയതി തോറും തിയോഫിനച്ചന്റെ ചരമവാർഷികവും അതോടനുബന്ധിച്ച് നേർച്ച സദ്യയും നടത്തിവരുന്നു. വർഷംതോറും പതിനായിരക്കണക്കിനാളുകൾ ഈ ആഘോഷങ്ങളിൽ പങ്കുചേർന്ന് അനുഗ്രഹങ്ങൾ പ്രാപിക്കുന്നു. സമാധിക്ക് തൊട്ടടുത്ത് ധന്യന്റെ മുറിയിൽ അദ്ദേഹം ഉപയോഗിച്ചിരുന്ന സാധനങ്ങൾ ഭക്തർക്ക് കാണുവാനായി പ്രദർശിപ്പിച്ചിരിക്കുന്നു.

തിയോഫിനച്ചന്റെ കബറിടത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന ഈ വാക്യം അദ്ദേഹത്തിന്റെ ജീവിതത്തെയും മരണാനന്തര ജീവിതത്തെയും കുറിച്ചുള്ള രേഖ നൽകുന്നു.

"വേദനിക്കുന്ന മനുഷ്യന്റെ തോളിൽ കയ്യിട്ട് പുഞ്ചിരിയുടെ ദീപശിഖ ഉയർത്തിപ്പിടിച്ച കർമ്മയോഗി തിയോഫിനച്ചൻ ഇവിടെ വീണ്ടും മനുഷ്യരെ കാത്തിരിക്കുന്നു".

**- ഫാ. റോബിൻ ഡാനിയേൽ** (OFM Cap Superior)




*ഐഎൻടിയുസി ജില്ലാ ജനറൽ ബോഡി സംസ്ഥാന പ്രസിഡന്റ് ആർ.ചന്ദ്രശേഖരൻ ഉദ്ഘാടനം ചെയ്യുന്നു.*

# ഐഎൻടിയുസിയുടെ ശക്തി കോൺഗ്രസ്സ് തിരിച്ചറിയുന്നില്ല: ആർ.ചന്ദ്രശേഖരൻ

**സ്വന്തം ലേഖകൻ**

കൊച്ചി: മോദി സർക്കാരിന്റെ ജനദ്രോഹ, തൊഴിലാളി വിരുദ്ധ നയങ്ങൾക്കെതിരെ തുടർച്ചയായി കോടതിയിൽ നിന്നും വരുന്ന അനുകൂല വിധികൾ ഭാരതത്തിലെ തൊഴിലാളി സമൂഹത്തിന് ആശാവഹമാണെന്ന് ആർ.ചന്ദ്രശേഖരൻ പറഞ്ഞു. ഐഎൻടിയുസി എറണാകുളം ജില്ലാ ജനറൽ ബോഡി യോഗം ആലുവ വൈഎംസിഎ ക്യാമ്പ് സൈറ്റിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഐഎൻടിയുസി എറണാകുളം ജില്ലാ പ്രസിഡണ്ടും ദേശീയ ഓർഗനൈസിംഗ് സെക്രട്ടറിയുമായ കെ.കെ ഇബ്രാഹിംകുട്ടി അധ്യക്ഷത വഹിച്ചു

ഐഎൻടിയുസി സംസ്ഥാന ജനറൽ സെക്രട്ടറി പി.ജെ.ജോയ് (മുൻ എംഎൽഎ), സംസ്ഥാന വൈസ് പ്രസിഡണ്ട് എ.കെ.രാജൻ, സംസ്ഥാന സെക്രട്ടറിമാരായ എം.വി. മനോജ്, സൈബ താജുദ്ദീൻ, സംസ്ഥാന ഓർഗനൈസിങ് സെക്രട്ടറിമാരായ ജീമോൻ കയ്യാല, പി. പ്രവീൺകുമാർ, ഐഎൻടിയുസി യൂത്ത് വിങ് സംസ്ഥാന പ്രസിഡണ്ട് കാർത്തിക് ശശി, സംസ്ഥാന കമ്മിറ്റി അംഗങ്ങളായ സ്ലീബാ സാമുവൽ, ആനന്ദ് ജോർജ്, മുഹമ്മദ് സഹീർ, അലിയാർ എം.ഐ., ജില്ലാ വൈസ് പ്രസിഡന്റുമാരായ പി.എം. ഏലിയാസ്, സൈമൺ ഇടപ്പള്ളി, ബിന്ദു ഗോപാലകൃഷ്ണൻ, എം.ഐ.ദേവസി കുട്ടി, അഡ്വ: എൻ.പി. അമ്മു, പോൾസൺ പീറ്റർ, ജില്ലാ ജനറൽ സെക്രട്ടറിമാരായ പി.പി. അവരാച്ചൻ, ഷാജി ടി.വി., അരുൺ ഗോപി, റീജിയണൽ പ്രസിഡണ്ടുമാരായ അഡ്വ. അബു മൊയ്ദീൻ കോതാമംഗലം, ടി. എൻ.വിജയകുമാർ പിറവം, പി.പി.അലിയാർ തൃക്കാക്കര, ബാബുസനി അങ്കമാലി, അഷ്റഫ് കെ.എ. കളമശ്ശേരി, പി.സി.സുനിൽകുമാർ തൃപ്പൂണിത്തുറ, മുഹമ്മദ് ജെറീസ് കൊച്ചി, സന്തോഷ് ഐസക്ക് മൂവാറ്റുപുഴ, എം പി സലിം കുന്നത്തുനാട്, ഡിസിസി ജനറൽ സെക്രട്ടറിമാരായ എം.ജെ. ടോമി, തോപ്പിൽ അബു, ആലുവ കോൺഗ്രസ് ബ്ലോക്ക് പ്രസിഡന്റ് പി.എ. മുജീബ്, വനിതാ വിഭാഗം ജില്ലാ പ്രസിഡന്റ് ചന്ദ്രലേഖ ശശിധരൻ, യൂത്ത് വിങ് ജില്ലാ പ്രസിഡന്റ് കെ.എം.മൻസൂർ എന്നിവർ പ്രസംഗിച്ചു.

ജില്ലാ ജനറൽ സെക്രട്ടറി തറവായികുട്ടി ഇ. 2025-2026 വർഷക്കാലത്തെ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. ജനറൽ സെക്രട്ടറി ഏലിയാസ് കാരിപ്ര സ്വാഗതവും ആലുവ റീജിയണൽ കമ്മിറ്റി പ്രസിഡന്റ് പി.വി.എൽദോസ് നന്ദിയും പറഞ്ഞു.

# യുദ്ധം നടത്തുന്നവർ ദൈവത്തോട് കണക്ക് പറയേണ്ടിവരുമെന്ന് മാർപാപ്പ



വത്തിക്കാൻ സിറ്റി: യുദ്ധം കാരണം അനാഥരാവുകയും നാടുവിടേണ്ടിവരികയും ചെയ്ത കുട്ടികളുടെ വേദന ലിയോ മാർപാപ്പ പ്രാർഥനയിൽ ഉൾപ്പെടുത്തി.

റോമിലെ കൊളോസിയത്തിൽ ആയിരക്കണക്കിന് വിശ്വാസികളുടെ പ്രാർഥനയ്ക്ക് നേതൃത്വം നൽകവെ, യുദ്ധത്തിൽ ഏർപ്പെട്ടിരിക്കുന്ന ലോകനേതാക്കളെ മാർപാപ്പ കടുത്ത ഭാഷയിൽ വിമർശിക്കുകയും ചെയ്തു. നിങ്ങളുടെ തീരുമാനങ്ങളെ ദൈവം വിലയിരുത്തുമെന്ന് അദ്ദേഹം മുന്നറിയിപ്പ് നൽകി.

യുദ്ധത്തിൽ പങ്കാളികളായ ഓരോ ഭരണാധികാരിയും ദൈവത്തോട് കണക്ക് പറയേണ്ടിവരുമെന്നും കൊളോസിയത്തിൽ പ്രാർഥനയ്ക്ക് നേതൃത്വം നൽകവെ ആരുടെയും പേരെടുത്തു പറയാതെ മാർപാപ്പ വ്യക്തമാക്കി.

# മരുന്നുകളുടെ വ്യാജന്മാർ വിപണിയിൽ വ്യാപകം



ന്യൂഡൽഹി: ഡോക്ടറുടെ കുറിപ്പടിയോടെ മാത്രം വിൽക്കാൻ അനുമതിയുള്ള ഷെഡ്യൂൾ-എച്ച് മരുന്നുകളുടെ വ്യാജന്മാർ വിപണിയിൽ വ്യാപകമാകുമ്പോഴും തടയാൻ നടപടികളില്ലാതെ കേന്ദ്ര സംസ്ഥാന സർക്കാരുകൾ. ഇവ കണ്ടെത്തി നിർമാർജനം ചെയ്യാനുള്ള ഉദ്യോഗസ്ഥരില്ലാത്തതാണ് നടപടികൾ ദുർബലപ്പെടാൻ കാരണം. പ്രമേഹം, രക്തസമ്മർദ്ദം തുടങ്ങിയ ജീവിത ശൈലി രോഗങ്ങളുടെയും കാൻസർ ഉൾപ്പെടെ ഗുരുതരരോഗങ്ങളുടെയും വ്യാജമരുന്നുകൾ വിപണിയിൽ സുലഭമാണ്.

പാക്കേജിങ്, ലേബലിങ് എന്നിവയിൽ യഥാർഥ മരുന്നുകളുമായി വളരെ സാമ്യമുള്ളതിനാൽ പൊതുജനത്തിന് വ്യാജന്മാരെ തിരിച്ചറിയാകില്ല. പിടിക്കപ്പെട്ടാലും കേന്ദ്ര സർക്കാർ ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് നിയമത്തിൽ കൊണ്ടുവന്ന ഇളവുകൾ പ്രകാരം നിസ്സാര പിഴയച്ച് രക്ഷപ്പെടാനാകും. ഓഫറുകളിൽ വീഴാതെ അംഗീകൃത ഫാർമസികളിൽനിന്ന് മാത്രം മരുന്നു വാങ്ങുകയും ക്യൂആർ കോഡ് ബാച്ച് നമ്പറുകൾ, കാലഹരണ തീയതികൾ എന്നിവ ഉറപ്പുവരുത്തുകയുമാണ് പ്രതിവിധി.

കീട്രൂഡ എന്ന കാൻസർ മരുന്നെന്ന വ്യാജേന ഗുണനിലവാരമില്ലാത്ത മരുന്ന് വിതരണം ചെയ്തിരുന്ന റാക്കറ്റ് കഴിഞ്ഞ ദിവസം പിടിയിലായതിന് പിന്നാലെ ഞെട്ടിക്കുന്ന വിവരങ്ങളാണ് രാജ്യമൊട്ടാകെ പുറത്തുവരുന്നത്.

ഡൽഹി, ഉത്തർപ്രദേശ്, ഹരിയാന, പഞ്ചാബ്, ഉത്തരാഖണ്ഡ്, ബിഹാർ, രാജസ്ഥാൻ അതിർത്തികൾ കേന്ദ്രീകരിച്ചാണ് തട്ടിപ്പ് സംഘത്തിന്റെ പ്രവർത്തനം. ഡ്രഗ് കൺട്രോളർമാരാണ് ഇതിൽ ജാഗ്രത പുലർത്തേണ്ടതെന്നും വ്യാജ മരുന്നുകൾ വിപണിയിലെത്തിയാൽ ഗുരുതര പ്രത്യാഘാതങ്ങളുണ്ടാകുമെന്നും ആരോഗ്യവിദഗ്ധൻ ഡോ. സജീവ് കുമാർ പറഞ്ഞു.

# കേരളത്തിൽ വേനൽ പ്രതിഭാസം ദൃശ്യമാകുന്നു




തിരുവനന്തപുരം: വേനൽക്കാലത്തിന്റെ ദൈർഘ്യം കൂടുകയും വർഷക്കാലം ക്രമരഹിതമാവുകയും പ്രതിഭാസം കേരളത്തിലും ദൃശ്യമാകുന്നു. ലോകത്തിന്റെ വിവിധ കോണുകളിൽ കാലാവസ്ഥ വ്യതിയാനം മൂലമുള്ള ഈ ആഘാതം സംസ്ഥാനത്തും സമാനമായ അവസ്ഥയിലാണ്. കേരളത്തിന് സമാനമായ ഭൂപ്രകൃതിയുള്ള വിയറ്റ്നാം, തായ്‌ലാന്റ്, മലേഷ്യ, ബ്രസീൽ എന്നിവിടങ്ങളിലെ കാലാവസ്ഥ മാറ്റവും കേരളത്തിലേതുപോലെയാണെന്ന് പഠനങ്ങൾ വ്യക്തമാക്കുന്നു. ഈ മാസം ബാങ്കോക്കിലും വിയറ്റ്നാമിലെ ഹോചി മിൻ നഗരത്തിലും രേഖപ്പെടുത്തിയ 44 ഡിഗ്രി സെൽഷ്യസ് ചൂട് കേരളത്തിൽ പാലക്കാടും പുനലൂരും അനുഭവപ്പെടുന്ന ഉഷ്ണതരംഗത്തിന് സമാനമാണെന്ന് വേൾഡ് മെറ്റീരിയോളജിക്കൽ ഓർഗനൈസേഷൻ (ഡബ്ല്യുഎംഒ) നടത്തിയ പഠനത്തിൽ പറയുന്നു.

മെഡിറ്ററേനിയൻ രാജ്യങ്ങളായ ഗ്രീസ്, സ്പെയിൻ എന്നിവിടങ്ങളിലെ തീവ്രമായ ഉഷ്ണതരംഗങ്ങളും കേരളത്തിലെ നിലവിലുള്ള താപനിലയോട് ചേർന്നു പോകുന്നതാണ്. വായുവിലെ ഈർപ്പവും ചൂടും ഒരുമിച്ച് കൂടുന്നതുമൂലം ഇവിടെ അനുഭവപ്പെടുന്നത് യഥാർഥ താപനിലയെക്കാൾ 5 മുതൽ 7 ഡിഗ്രി സെൽഷ്യസ് വരെ കൂടിയ ചൂടാണ്. ഒരു പരിധി കടന്നാൽ ഈ ചൂട് മനുഷ്യ ശരീരത്തിന് വിയർപ്പിലൂടെ പുറന്തള്ളാൻ പറ്റാതെ വരും. ഇത് കടുത്ത ആരോഗ്യപ്രശ്നങ്ങൾക്കിടയാക്കും.

കേരളത്തിൽ പശ്ചിമഘട്ട മലനിരകളുടെ തകർച്ചയാണ് താപനില കൂട്ടാനിടയാക്കിയത്. വന വിസ്തൃതി കുറഞ്ഞതോടെ ഈർപ്പം വേഗത്തിൽ ബാഷ്പീകരിക്കുന്നതാണ് കേരളത്തിൽ ചൂട് കൂടാനുള്ള ഒരു കാരണമെന്ന് കേരള സർവകലാശാലയുടെ പഠനം വ്യക്തമാക്കുന്നു. ഇന്ത്യയിൽ ഒഡീഷയിലും ആന്ധ്രയിലും ഉഷ്ണതരംഗം മൂലമുള്ള മരണനിരക്ക് കൂടുതലാണ്. മഹാരാഷ്ട്ര വിദർഭ മേഖലയിൽ താപനില സ്ഥിരമായി 45 ഡിഗ്രി സെൽഷ്യസിലാണ്.

ഹിമാലയൻ സംസ്ഥാനങ്ങളായ ഉത്തരാഖണ്ഡിലും ഹിമാചൽ പ്രദേശിലും താപനില അതിവേഗം ഉയരുന്നത് മഞ്ഞുരുകലിനും പ്രകൃതി ക്ഷോഭങ്ങൾക്കും കാരണമാകുന്നു. അറബിക്കടലും ബംഗാൾ ഉൾക്കടലും വേഗത്തിൽ ചൂടു പിടിക്കുന്നത് കേരളം ഉൾപ്പെടെയുള്ള തീരദേശ സംസ്ഥാനങ്ങളിലെ ചൂടും ഈർപ്പവും വർദ്ധിപ്പിച്ചിട്ടുണ്ട്.

കടൽ ചൂടാകുന്നത് തീവ്രമായ ചുഴലിക്കാറ്റിനും കാലവർഷം തെറ്റുന്നതിനും കാരണമാകും.

# അമ്മയെ കഴുത്തറുത്തുകൊന്ന യുവാവ് റിമാൻഡിൽ

**പ്രത്യേക ലേഖകൻ**



അമ്മയെ കഴുത്തറുത്തു കൊലപ്പെടുത്തിയ ശേഷം പോലീസ് സ്റ്റേഷനിലെത്തി കീഴടങ്ങിയ യുവാവിനെ കോടതി റിമാന്റ് ചെയ്തു. താന്നിക്കുന്നിലെ മഠത്തിപ്പറമ്പിൽ തങ്കച്ചന്റെ ഭാര്യ ഗീതമ്മയെ (50) കൊലപ്പെടുത്തിയ സംഭവത്തിൽ മകൻ ക്രിസ്റ്റിയെ (25) ആണ് റിമാന്റ് ചെയ്തത്.

കഴിഞ്ഞ ദിവസം രാത്രിയായിരുന്നു കൊലപാതകം. അച്ഛനെയും വധിക്കാൻ ക്രിസ്റ്റി ലക്ഷ്യമിട്ടിരുന്നതായി പോലീസ് കരുതുന്നു. അപ്പനെ കിട്ടിയില്ല, അയാളെ കൂടി കൊല്ലണം എന്നാണ് തന്നെ പോലീസ് സ്റ്റേഷനിലെത്തിച്ച അയൽവാസിയോട് ക്രിസ്റ്റി പ്രതികരിച്ചത്.

കൊലപാതകം സമയത്ത് തങ്കച്ചൻ വീട്ടിലുണ്ടായിരുന്നില്ല. അമ്മയെ കൊന്നശേഷം ക്രിസ്റ്റി അല്പസമയം വീട്ടിൽ കാത്തിരുന്നത് അച്ഛനെയാണെന്ന് സംശയമുണ്ട്.

തങ്കച്ചന്റെ 90 വയസ്സുകാരിയായ അമ്മ ഏലിക്കുട്ടിയെ മുറിക്കുള്ളിൽ പൂട്ടിയിട്ട ശേഷമായിരുന്നു കൊലപാതകം. തുടർന്ന് വിവരം ക്രിസ്റ്റി കോഴിക്കോട്ടുള്ള സഹോദരിയെ വിളിച്ചറിയിച്ചു.

വിവരമറിഞ്ഞ ബന്ധുക്കൾ വീട്ടിലെത്തിയപ്പോഴാണ് രക്തത്തിൽ കുളിച്ച നിലയിൽ ഗീതമ്മയെ കണ്ടെത്തിയത്.

ബെംഗ്ലൂരുവിൽ വിദ്യാർത്ഥിയായിരുന്ന ക്രിസ്റ്റി പാതിവഴിയിൽ പഠനം ഉപേക്ഷിച്ച് നാട്ടിലെത്തിയതാണ്.

ലഹരിക്ക് അടിമയായിരുന്നവെന്നാണ് വിവരം. കൊലപാതകത്തിന് ഉപയോഗിച്ച കത്തി പോക്കറ്റിലിട്ടാണ് ഇയാൾ സ്റ്റേഷനിലെത്തിയത്.

കൊല്ലപ്പെട്ട ഗീതമ്മ മഹിളാ മോർച്ച ജില്ലാ കമ്മിറ്റിയംഗമായിരുന്നു. ■

# പാഠപുസ്തകം അച്ചടി മെല്ലെപ്പോക്കിലായി

പാഠപുസ്തകങ്ങളുടെ പുറംചട്ട അച്ചടിക്കാനുള്ള പേപ്പർ തീർന്നതോടെ കേരള ബുക്സ് ആന്റ് പബ്ലിക്കേഷൻ സൊസൈറ്റിയിൽ പുസ്തകം അച്ചടി മെല്ലെപ്പോക്കിലായി. പുറംചട്ടയ്ക്ക് പേപ്പർ ലഭിച്ചില്ലെങ്കിൽ 2 ദിവസത്തിനകം അച്ചടി പൂർണമായി നിലയ്ക്കുമെന്ന സ്ഥിതിയാണ്.

രണ്ടാഴ്ചയായി പുറംചട്ടയില്ലാതെയാണ് പുസ്തകം അച്ചടി. ഉൾപ്പേജുകളും പുറംചട്ടയും വെവ്വേറെ അച്ചടിച്ച് ബൈൻഡിങ് വിഭാഗത്തിൽ പുസ്തകരൂപത്തിൽ ആക്കുകയാണ് ചെയ്യുന്നത്. പുറംചട്ടയില്ലാത്തതിനാൽ പാഠപുസ്തകങ്ങളുടെ ബൈൻഡിങ് മുടങ്ങിയതോടെ അച്ചടിച്ച ഉൾപേജുകൾ പ്ലാന്റിനകത്ത് നിറഞ്ഞ നിലയിലാണ്. ഇതു നീക്കിയില്ലെങ്കിൽ പ്രസിൽ നിന്നുതിരിയാൻ ഇടമില്ലാത്ത സ്ഥിതിയാകും. കവർ പേജിനുള്ള പേപ്പർ സർക്കാരാണ് നൽകേണ്ടത്. നേരത്തെ കെബിപിഎസ് നേരിട്ട് പേപ്പർ വാങ്ങി അച്ചടിക്കുന്ന രീതിയായിരുന്നു. ഇതിന്റെ ബിൽ തുക പിന്നീട് സർക്കാർ നൽകുകയായിരുന്നു പതിവ്. ഇതു കിട്ടാതായതോടെ കുടിശിക 300



കോടി രൂപയോളമായി. അതോടെ പേപ്പർ വാങ്ങൽ കെബിപിഎസ് നിർത്തിയതിനെ തുടർന്നാണ് സർക്കാർ നേരിട്ട് നൽകിത്തുടങ്ങിയത്. പുതിയ അധ്യയന വർഷം ആരംഭിക്കാൻ ഒന്നര മാസം മാത്രം ശേഷിക്കെയാണ് കവർ പേജിന് പേപ്പർ ഇല്ലാത്ത പ്രതിസന്ധി. മൂന്നരക്കോടിയിലധികം പാഠപുസ്തകങ്ങളാണ് കെബിപിഎസിൽ അച്ചടിക്കുന്നത്. 64 ശതമാനം പുസ്തകങ്ങളുടെ അച്ചടിയേ പൂർത്തിയായിട്ടുള്ളൂ.

● ക്ലാസിഫൈഡ് പത്രിക


ദാമ്പത്യം സന്തുഷ്ടമാക്കൂ
ദിവ്യാമൃതം ലേഹ്യം കഴിക്കൂ.
സ്ത്രീ – പുരുഷ നിത്യയൗവ്വനത്തിന്
എല്ലാ ഇംഗ്ലീഷ് ആയുർവ്വേദ മെഡിക്കൽ ഷോപ്പിലും ലഭിക്കുന്നു.



വിവാഹിതർക്കും, അവിവാഹിതർക്കും, മധ്യവയസ്ക്കരായ സ്ത്രീ-പുരുഷൻമാർക്കും ഒരുപോലെ ഫലപ്രദം. ലൈംഗീക ബലഹീനത, ശീഘ്രസ്ഖലനം, താൽപര്യക്കുറവ്, നാഡീതളർച്ച, ശരീരക്ഷീണം, മെലിച്ചിൽ, രക്തക്കുറവ്, മൂത്രത്തിൽ പഴുപ്പ്, അമിതമദ്യപാനികൾക്ക് കരൾവീക്കം, ബീജാണുക്കളുടെ കുറവ് ഇവ പരിഹരിച്ച് സന്താനസൗഭാഗ്യം നേടുവാനും ഈ ദിവ്യ ഔഷധം ഉത്തമമാണ്. ഒരു ടീ സ്പൂൺ വീതം രാവിലെയും വൈകിട്ടും ആഹാരത്തിനുശേഷം കഴിക്കുക.

സംശയങ്ങൾക്ക് വിളിക്കുക: 9847317454
ദിവ്യാ ആയുർവ്വേദ വൈദ്യശാല & എക്സ്പോർട്ടേഴ്സ്, ആയൂർ പി.ഒ., കൊല്ലം.
ഫോൺ : 0475-2292038, 9447558708, 9961000672.
Admn. Off. Edappally. 0484 6462718, E-mail : divya_ayurvedics@yahoo.com.
Website : divyaayurvedics.com

ഉപകാരസ്മരണ



അലൻ ജോസ്, അമൽ ജോൺ
കലൂർ

FASTER RELIEF FROM CHRONIC SKIN & ALLERGIC DISEASES WITHIN SHORT PERIOD !!!
✓ VITILIGO ✓ PSORIASIS ✓ URTICARIA
✓ DANDRUFF ✓ SCABIES ✓ DERMATITIS ✓ ECZEMA
✓ ACNE ✓ ASTHMA ✓ ALLERGIC RHINITIS
✓ DRY SKIN ✓ INITIAL STAGE OF ICHTHYOSIS
✓ INITIAL STAGE OF NEUROFIBROMA
✓ SKIN DISCOLOURATIONS etc.
www.drrsroy.com
HELP LINE +91 9567866204 +91 9495959528
Dr. R.S. Roy
AMRITA AYURVEDA MEDICAL CENTRE
H.O: Layam Road, Tripunithura, Cochin

ആശംസകളോടെ...



Vision Care
EYE CLINIC & OPTICALS
Vision Care Building, Vyttila Jn., Ernakulam
Mob: 7902823944, 9946844426
KOTTAYAM | ETTUMANOOR | PALA | KURAVILANGAD
FRAMES | LENSES | SUN GLASSES | SAFETY GLASSES | CONTACT LENSES | ACCESSORIES
Working Hours: Monday to Saturday, 9.30 am to 7.30 pm

www.keyholeclinic.in
Multispeciality
Keyhole Clinic
Obesity | Laparoscopy | Thyroid | Proctology | Diabetology
Ortho | Gynaec | Cardiology | Radiology | Dermatology
Laboratory | Scanning | Pharmacy | DNA Testing
Tel: 9847296357 | Edappally

കുടിൽ തൊട്ട് കൊട്ടാരംവരെ പ്രകാശമേകാൻ പോപ്പുലർ മെഴുകുതിരികൾ
POPULAR CANDLES Since 1973
POPULAR Candles
Edappally, Kochi - 682 024
Phone: 0484 - 2575015, 2575016

ലൈസൻസ് വേണ്ട
എയർ പിസ്റ്റോൾ/റൈഫിൾ
▪ മാഗസിൻ
▪ 18 ബി ബി ▪ 177
നിറയ്ക്കാവുന്നത്
എല്ലാവിധ തോക്കുകളും വാങ്ങുന്നതിനും റിപ്പയറിംഗിനും ലൈസൻസുള്ളവ വിൽക്കുവാനും
കൊച്ചിൻ ആർമറി
ഷേണായിസ് ജംഗ്ഷൻ, നാരകത്തറ റോഡ്, എറണാകുളം
ഫോൺ : 0484 – 2371598, 2353589

ഫ്ളാറ്റിന് അനുയോജ്യമായ സ്ഥലം വില്പനയ്ക്ക്
നെട്ടൂർ ബൈപ്പാസിൽ ലേക്ഷോർ ആശുപത്രിക്ക് സമീപം ഫ്ളാറ്റ് നിർമാണത്തിന് അനുയോജ്യമായ ചുറ്റുമതിൽക്കെട്ടുള്ള 75 സെന്റ് സ്ഥലം ഉടൻ വില്പനയ്ക്ക്
+91 90721 86789

Largest Collection of Wedding Cards & Printing
VALAVI & CO.
BROADWAY, ERNAKULAM
Ph: 2374985, 2353765, 2371201, Press: 2374984

# ആയിരം ഹോട്ടലുകൾക്ക്കൂടി ബാർ ലൈസൻസ് നൽകി

**ജിഫിയ**



തിരുവനന്തപുരം: പുതിയ സാമ്പത്തിക വർഷം സംസ്ഥാനത്ത് 1,111 ഹോട്ടലുകൾക്ക് കൂടി ബാർ, ബിയർ പാർലർ ലൈസൻസ്. ഇതോടെ സംസ്ഥാനത്തെ ബാറുകളുടെ എണ്ണം സർവകാല റെക്കോർഡിലെത്തി. തുടർച്ചയായി രണ്ടാം സാമ്പത്തിക വർഷമാണ് സ്വകാര്യ മദ്യശാലകളുടെ എണ്ണം 1,000 കടക്കുന്നത്. ക്ലാസിഫിക്കേഷൻ പുതുക്കാത്ത ഹോട്ടലുകൾക്ക് ബാർ ലൈസൻസ് പുതുക്കാനുള്ള നീക്കം വിവാദമായെങ്കിലും കഴിഞ്ഞ വർഷത്തേതുപോലെ ഇത്തവണയും ഇവയ്ക്ക് ലൈസൻസ് പുതുക്കി നൽകി.

ഇത്തരത്തിൽ ലൈസൻസ് നേടിയ ബാറുകളുടെ എണ്ണം എത്രയെന്നതിന്റെ കണക്ക് പ്രത്യേകമായി പുറത്തുവിട്ടിട്ടില്ല.

പുതിയ സാമ്പത്തിക വർഷം ബാർ പ്രവർത്തിപ്പിക്കാനുള്ള ലൈസൻസ് നേടിയത് 894 ഹോട്ടലുകളാണ്. കഴിഞ്ഞ വർഷം ഏപ്രിലിൽ 848 ബാറുകളായിരുന്നു. ഒരു വർഷംകൊണ്ട് 46 ബാറുകളുടെ വർധന. 217 ബിയർ പാർലറുകളും ഈ വർഷം ലൈസൻസ് നേടി. കഴിഞ്ഞ വർഷം ഏപ്രിലിൽ ബാറും ബിയർ പാലർലറും ചേർത്ത് 1,070 മദ്യശാലകളുണ്ടായിരുന്നെങ്കിൽ ഈ വർഷം 1,111 ആയി. സാമ്പത്തിക വർഷത്തിന്റെ ആദ്യപാദം കഴിയുന്നതുവരെ ലൈസൻസ് പുതുക്കിൽ പ്രക്രിയ നടക്കാറുള്ളതിനാൽ എണ്ണം ഇനിയും കൂടും.

മദ്യ ഉപയോഗം ഘട്ടം ഘട്ടമായി കുറയ്ക്കുമെന്നും മദ്യവർജനത്തിന് ജനകീയ പ്രസ്ഥാനം ആരംഭിക്കുമെന്നും പ്രകടന പത്രികയിൽ വാഗ്ദാനം ചെയ്ത 2 പിണറായി സർക്കാരുകളും ചേർന്ന് പുതിയതായി തുറന്നത് 443 ബാറുകൾ. സർക്കാരിന്റെ 333 മദ്യവില്പനശാലകളും പ്രവർത്തിക്കുന്നു.

സർക്കാരിന്റെ മദ്യനയം അനുസരിച്ച് ത്രീസ്റ്റാറോ, മുകളിലോ ക്ലാസിഫിക്കേഷനുള്ള ഹോട്ടലുകൾക്ക് മാത്രമേ ബാർ ലൈസൻസ് നൽകാൻ പാടുള്ളൂ. കേന്ദ്ര ടൂറിസം മന്ത്രാലയമാണ് ക്ലാസിഫിക്കേഷൻ നൽകേണ്ടത്. ഹോട്ടലുകൾ റീ ക്ലാസിഫിക്കേഷന് അപേക്ഷ നൽകിയശേഷം മനഃപൂർവ്വം വൈകിപ്പിക്കുന്നതായി ടൂറിസം മന്ത്രാലയം കഴിഞ്ഞ വർഷം കത്തയച്ചിരുന്നു. എന്നാൽ, റീ ക്ലാസിഫിക്കേഷന് അപേക്ഷ നൽകിയ ഇരുനൂറോളം ഹോട്ടലുകൾക്ക് കഴിഞ്ഞ സാമ്പത്തിക വർഷം ബാർ ലൈസൻസ് പുതുക്കി നൽകി. ഇത്തവണയും അനുവദിക്കാൻ നികുതി വകുപ്പ് ഉത്തരവിറക്കിയതിനെത്തുടർന്ന് മദ്യനിരോധന സമിതിയടക്കം ഹൈക്കോടതിയെ സമീപിച്ചെങ്കിലും ലൈസൻസ് പുതുക്കി നൽകി.



# ചൂട് അനുഭവപ്പെടുന്നത് 50 ഡിഗ്രിയിലേറെ...

കൊച്ചി: സംസ്ഥാനത്തെ ഉയർന്ന അന്തരീക്ഷ താപനില 38 ഡിഗ്രി സെൽഷ്യസ് ആണെങ്കിലും അനുഭവപ്പെടുന്ന ചൂട് 50 ഡിഗ്രി സെൽഷ്യസിൽ ഏറെ. അന്തരീക്ഷത്തിലെ ഈർപ്പം മൂലമാണ് അനുഭവപ്പെടുന്ന ചൂട് (ഹീറ്റ് ഇൻഡക്സ്) 50 ഡിഗ്രി സെൽഷ്യസിൽ ഏറെയാകുന്നത്.

ഒരാഴ്ച കൂടി ഈ കാലാവസ്ഥ തുടരാനാണ് സാധ്യതയെന്ന് കുസാറ്റ് അഡ്വാൻസ്ഡ് സെന്റർ ഫോർ അറ്റ്മോസ്ഫറിക് റഡാർ റിസർച്ച് ഡയറക്ടർ ഡോ. എസ്.അഭിലാഷ് പറഞ്ഞു. കേരളമുൾപ്പെടെ ദക്ഷിണേന്ത്യയുടെ ഉച്ചയിൽ സൂര്യൻ നിൽക്കുന്നതിനാൽ അൾട്രാ വയലറ്റ് രശ്മികൾ കൂടുതലാണ്. മഴ മേഘങ്ങളുടെ സാന്നിധ്യമില്ലാത്തതും ചൂടു കൂടാൻ കാരണമാണ്.

വടക്കൻ അറബിക്കടലിൽ നിന്നുള്ള എതിർവചക്രവാതവും ചുടുകൂടിയ വായുസഞ്ചാരവും മറ്റൊരു കാരണമാണെന്ന് അദ്ദേഹം പറഞ്ഞു.

അടുത്ത രണ്ട് ദിവസങ്ങളിൽ സംസ്ഥാനത്ത് വയനാടും ഇടുക്കിയും ഒഴികെയുള്ള ജില്ലകളിൽ താപനില 36 ഡിഗ്രി സെൽഷ്യസിന് മുകളിലേക്ക് ഉയരുമെന്നാണ് കാലാവസ്ഥ മുന്നറിയിപ്പ്. എറണാകുളം ജില്ലയിൽ താപനില 37 ഡിഗ്രി സെൽഷ്യസിലേക്ക് ഉയരും.

# മത്സ്യത്തൊഴിലാളികൾ പ്രതിസന്ധിയിൽ



കൊച്ചി: മത്സ്യബന്ധനത്തിന് ഉപയോഗിക്കുന്ന മണ്ണെണ്ണയുടെ വിലവർധന പ്രാബല്യത്തിലായതോടെ മത്സ്യത്തൊഴിലാളികൾ പ്രതിസന്ധിയിലായി. 52.37 രൂപ ഉയർന്ന്, മണ്ണെണ്ണ വില 103ൽ നിന്ന് 155.37 രൂപയായി. മത്സ്യലഭ്യത കുറഞ്ഞതിനൊപ്പം ഇന്ധന വിലവർധനയും മത്സ്യമേഖലയ്ക്ക് തിരിച്ചടിയാകുന്നു.

കേരളത്തിൽ സർക്കാർ അംഗീകാരമുള്ള 14,342 എൻജിനുകൾക്ക് മത്സ്യഫെഡിന്റെ പമ്പുകൾ വഴി പ്രതിമാസം 140 മുതൽ 190 ലിറ്റർ വരെ മണ്ണെണ്ണയാണ് സബ്സിഡി നിരക്കിൽ കിട്ടുന്നത്. വിലവർധന പ്രാബല്യത്തിലായതോടെ 50 തൊഴിലാളികൾ വരെ പ്രവർത്തിക്കുന്ന ഒരു ഇൻ ബോർഡ് വള്ളത്തിന് ഈ ഇനത്തിൽ പ്രതിദിനം ശരാശരി 40,000 രൂപയുടെ ചെലവ് കണക്കാക്കുന്നു.

ഏതാനും ദിവസത്തേക്കുള്ള മണ്ണെണ്ണ മാത്രമാണ് സബ്സിഡി നിരക്കിൽ കിട്ടുന്നതെന്നും ബാക്കി കൂടിയ വിലയ്ക്ക് വാങ്ങേണ്ട ഗതികേട് ആണെന്നും മത്സ്യബന്ധന ബോട്ടുടമകൾ പറഞ്ഞു. ഇൻബോർഡ് എൻജിൻ യാനങ്ങൾക്കൊപ്പം ഉപയോഗിക്കുന്ന ഔട്ട് ബോർഡ് കാരിയർ വള്ളങ്ങൾക്ക് 40 എച്ച്പിയുടെ 3 യൂണിറ്റുകൾ വരെ വേണം. 40 എച്ച്പിയുടെ ഒരു യൂണിറ്റിന് മണിക്കൂറിൽ 20 ലിറ്റർ എങ്കിലും എണ്ണ വേണ്ടിവരും. ചൂടു കടുത്തതോടെ മത്സ്യങ്ങൾ കാണപ്പെടുന്നത് 50 മീറ്ററിലേറെ ആഴമുള്ള ഭാഗങ്ങളിൽ ആയതിനാൽ തീരദേശം കേന്ദ്രീകരിച്ചു പ്രവർത്തിച്ചിരുന്ന പരമ്പരാഗത യാനങ്ങൾക്ക് കൂടുതൽ ദൂരവും സമയവും സഞ്ചരിക്കേണ്ടിവരുന്നതും ഇന്ധന ചെലവ് കൂട്ടുന്ന ഘടകമായി ഇവർ ചൂണ്ടിക്കാട്ടുന്നു.

മണ്ണെണ്ണ സബ്സിഡി 25 രൂപ ആയിരുന്നത് സമീപകാലത്ത് 50 രൂപയാക്കിയിരുന്നു. എന്നാൽ വില വർധന വന്നതോടെ ഇതിന്റെ പ്രയോജനം മത്സ്യത്തൊഴിലാളികൾക്ക് കിട്ടാതായി.

കേന്ദ്ര, സംസ്ഥാന സർക്കാരുകൾ മത്സ്യബന്ധന മേഖലയെ സംരക്ഷിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് കേരള മത്സ്യത്തൊഴിലാളി ഐക്യവേദി സംസ്ഥാന പ്രസിഡന്റ് ചാൾസ് ജോർജ്, സംസ്ഥാന മത്സ്യത്തൊഴിലാളി ഫെഡറേഷൻ സംസ്ഥാന സെക്രട്ടറി യേശുദാസ് പറപ്പിള്ളി തുടങ്ങിയവർ ആവശ്യപ്പെട്ടു.




Edited, Published and Owned by Simon Edappally, 64/5218, Kaloor, Kochi-682 017, Phone: 0484-2338268 and Printed by him at Cherrys Printers. Chief Editor-Simon Edappally. (Editor responsible for selection of contents under PRB Act)